കേരള സർക്കാർ

# എക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ

# ഭരണ റിപ്പോർട്ട്

## 1988-89

©
കേരള സർക്കാർ
1990

PRINTED BY THE S. G. P. AT THE GOVERNMENT PRESS, MANNANTHALA,
TRIVANDRUM. 1990.

## കേരള സർക്കാർ

### സംഗ്രഹം

**എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് വകുപ്പ്—1988-89-ലെ ഭരണ റിപ്പോർട്ട് പ്രത്യവലോകനം ചെയ്ത് ഉത്തരവു പുറപ്പെടുവിക്കുന്നു.**

---

### ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്

**ജി. ഒ. (ആർ ററി) നമ്പർ 545/89/പ്ലാനിംഗ്.**

തിരുവനന്തപുരം, തീയതി, 1989 നവംബർ 24

---

പരാമർശം:—30-6-1989-ലെ എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് വകുപ്പ് ഡയറക്ടറുടെ പി. ബി. (1) 23009/88/ഡി. ഇ. എസ്. നമ്പർ കത്ത്.

### ഉത്തരവ്

1. രേഖപ്പെടുത്തി.

2. റിപ്പോർട്ടുവർഷത്തിൽ ശ്രീ. കെ. ബാലകൃഷ്ണൻനായർ ഡയറക്ടറായിരുന്നു. സാങ്കേതിക വിഷയങ്ങളിൽ മൂന്ന് അഡീഷണൽ ഡയറക്ടർമാരും ഭരണ കാര്യങ്ങളിൽ ഒരു അഡ്മിനിസ്ട്രേററീവ് ഓഫീസറും ഡയറക്ടറെ സഹായിച്ചുപോന്നു.

### വകുപ്പിന്റെ സർവ്വേ പഠനപ്രവർത്തനങ്ങൾ

3. കാർഷിക സ്ഥിതിവിവരക്കണക്ക് റിപ്പോർട്ടു ചെയ്യുന്നതിനുള്ള ഏജൻസി.—പ്രധാന കാർഷിക വിളകൾ കൃഷിചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി, ഉൽപാദനം, ഉൽപാദന നിരക്ക്, ഭൂവിനിയോഗ വിവരങ്ങൾ എന്നിവ സൂക്ഷ്മമായി തിട്ടപ്പെടുത്തുന്നതിനുവേണ്ടി 1975-76 വർഷത്തിൽ ആരംഭിച്ച ഈ പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങൾ യഥാക്രമം 1981 ജൂണിലും 1986 ജൂണിലും പൂർത്തിയായി. മൂന്നാംഘട്ടം 1986 ജൂലൈ മാസത്തിൽ ആരംഭിച്ച്, 1986-87 വരെയുള്ള സർവ്വേ റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചു. 1987-88-ലെ റിപ്പോർട്ട് തയ്യാറാക്കിവരുന്നു. 1988-89 വർഷത്തെ സർവ്വേ പുരോഗമിച്ചുവരുന്നു.

4. മഴയുടെ സ്ഥിതിവിവരക്കണക്ക് തയ്യാറാക്കൽ.—ദിവസേനയുള്ള മഴയുടെ കണക്ക്, 1988 ഒക്ടോബർ വരെ ശരാശരി ഒരു മാസം പെയ്ത മഴയുടെ കണക്ക് ഇവ തയ്യാറാക്കി പൂനയിലെ കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിന് അയച്ചുകൊടുത്തു. 1987 വരെ ഓരോ മാസത്തിലും പെയ്ത മഴയുടെ ജില്ലതിരിച്ചുള്ള കണക്ക് പ്രസിദ്ധപ്പെടുത്തി.

5. കൃഷിയുടെ സ്ഥിതി വിവരക്കണക്ക് പ്രവചന റിപ്പോർട്ടം തയ്യാറാക്കൽ.—പ്രധാനവിളകളുടെ വിസ്തൃതിയും, വിളവും സംബന്ധിച്ച പ്രവചന റിപ്പോർട്ടുകൾ തയ്യാറാക്കി ഭാരത സർക്കാരിനും മററു ബന്ധപ്പെട്ട ആഫീസുകൾക്കും നൽകി. കൃഷി ഭൂമിയിൽ പുതിയ സാങ്കേതിക വിദ്യ നടപ്പാക്കുന്നതിനുള്ള തടസ്സങ്ങളെക്കുറിച്ചുള്ള മാതൃകാ പഠനം എറണാകുളം ജില്ലയിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നു.

6. കൃഷിച്ചെലവ് സർവ്വേ.—1988-89 വർഷത്തെ പ്രധാന കാർഷിക വിളകളെ സംബന്ധിച്ചുള്ള കൃഷിച്ചെലവ് സർവ്വേ സംസ്ഥാനത്തെ 38 താലൂക്കുകളിൽ നടന്നുവരുന്നു. 985-86, 1986-87 എന്നീ വർഷങ്ങളിലെ റിപ്പോർട്ടുകൾ പ്രസിദ്ധപ്പെടുത്തി. 1987-88-ലെ സർവ്വേയുടെ ടാബുലേഷൻ ജോലി നടന്നുകൊണ്ടിരിക്കുന്നു.

7. കാർഷിക സെൻസസ്.—കേന്ദ്ര ഗവൺമെൻറിൻെറ സമ്പൂർണ്ണ സാമ്പത്തിക സഹായത്താൽ അഖിലേന്ത്യാ തലത്തിൽ നടത്തപ്പെടുന്ന കാർഷിക സെൻസസിനുവേണ്ടി സംസ്ഥാനത്തെ കൈവശ ഭൂമിയെ സംബന്ധിച്ച വിവിധ വിവരങ്ങൾ ശേഖരിക്കുകയും ശേഖരിച്ച വിവരങ്ങൾ അപഗ്രഥിക്കുകയും ചെയ്യുക എന്നതാണ് ഈ വിഭാഗത്തിൻെറ ചുമതല.

ഠസൻസസിൻെറ പ്രധാന ലക്ഷ്യങ്ങൾ

(1) കൈവശാനുഭവ ഭൂമിയുടെ ഘടനയും വിസ്തീർണ്ണവും സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുക.

(2) ഭൂവിനിയോഗം, കാർഷിക വിഭവങ്ങളുടെ വിസ്തീർണ്ണം, ജലസേചന സൗകര്യം തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുക.

(3) വിത്ത്, വളം, കീടനാശിനികൾ, കാർഷിക ഉപകരണങ്ങൾ, കാർഷിക വായ്പ തുടങ്ങിയ കാർഷികോപാധികളുടെ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുക.

(4) കാലി സമ്പത്തിനെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുക.

മുകളിൽ പ്രസ്താവിച്ച വിവരങ്ങൾ പൊതുവായും പട്ടികജാതി-പട്ടികവർഗ്ഗങ്ങൾക്കുവേണ്ടി പ്രത്യേകമായും തരംതിരിച്ച് ശേഖരിച്ച് അപഗ്രഥിക്കുന്നുണ്ട്.

1980-81-ലെ കാർഷിക സെൻസസിൻെറ റിപ്പോർട്ട് 1988 ഫെബ്രുവരിയിൽ പ്രസിദ്ധീകരിക്കുകയും കാർഷികോപാധികൾ സംബന്ധിച്ച സർവ്വേയുടെ 13 സെററ് പട്ടികകൾ തയ്യാറാക്കി കേന്ദ്ര ഗവൺമെൻറിന് അയച്ചു കൊടുക്കുകയും ചെയ്തിട്ടുണ്ട്. 1985-86-ലെ കാർഷിക സെൻസസും 1986-87-ലെ കാർഷികോപാധികൾ സംബന്ധിച്ച സർവ്വേയും പൂർത്തിയായിട്ടുണ്ട്. ഓപ്പറേഷണൽ ഹോൾഡിംഗ്സിൻെറ എണ്ണവും അവയുടെ വിസ്തീർണ്ണവും സംബന്ധിച്ച താൽക്കാലിക കണക്കുകൾ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് സമർപ്പിച്ചു. വിവരങ്ങൾ ശേഖരിച്ച ഷെഡ്യൂളുകളുടെ സൂക്ഷ്മ പരിശോധനയും കോഡിംഗും എല്ലാ ജില്ലയിലും പൂർത്തിയാക്കി.

8. പൊതുവില ശേഖരിക്കൽ.—ഈ വിഭാഗം താഴെ പറയുന്ന ജോലികൾ റിപ്പോർട്ടുവർഷത്തിൽ നിർവ്വഹിക്കുകയുണ്ടായി.

(1) അവശ്യസാധനങ്ങളുടെ ദൈനംദിന വില സംസ്ഥാനത്തിലെ എല്ലാ ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും ശേഖരിച്ച് ഗവൺമെൻറിനും വിവിധ ഏജൻസികൾക്കും നൽകി.

(2) വിലയുടെ പ്രവണതയെ കാണിക്കുന്ന പ്രതിമാസ റിപ്പോർട്ട് തയ്യാറാക്കി ഗവൺമെൻറിന് നൽകി.

(3) തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മൂന്നു ജില്ലാ ആസ്ഥാനങ്ങളിൽനിന്നും എല്ലാ വെള്ളിയാഴ്ചയും അവശ്യസാധനങ്ങളുടെ ചില്ലറവിലയും കൂടാതെ മാസാവസാന വെള്ളിയാഴ്ചത്തെ മുഖ്യ ഭക്ഷ്യസാധനങ്ങളുടെ വിലയും ശേഖരിച്ച് കേന്ദ്ര സർക്കാരിന് നൽകി.

(4) തിരഞ്ഞെടുക്കപ്പെട്ട 15 കേന്ദ്രങ്ങളിലെ ഉപഭോക്തൃ വിലസൂചിക തയ്യാറാക്കി എല്ലാമാസവും ഗസററിൽ വിജ്ഞാപനം ചെയ്തു. ഉപഭോക്തൃ വിലസൂചിക കാണിക്കുന്ന സ്റേററുമെൻറുകൾ അവയുടെ ഗുണഭോക്താക്കൾക്ക് നൽകി.

(5) ലേബർ ബ്യൂറോയ്ക്കുവേണ്ടി ആലപ്പുഴ, ആലുവ, മുണ്ടക്കയം എന്നിവിടങ്ങളിൽനിന്ന് 1960 അടിസ്ഥാന വർഷമായുള്ള വിലസൂചിക കണക്കാക്കുന്നതിന് വിലകൾ ശേഖരിച്ച് നൽകി.

(6) വിവിധ സർക്കാർ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും ഭക്ഷ്യവസ്തുക്കളുടെയും മററ് അവശ്യസാധനങ്ങളുടെയും കമ്പോളവില ശേഖരിച്ച് നൽകി.

(7) ആയുർവ്വേദ കോളേജുകളുടെ ആവശ്യപ്രകാരം, മരുന്നുകൾ ഉണ്ടാക്കുന്നതിനാവശ്യമായ ഫലങ്ങൾ, ഇലകൾ, വേരുകൾ, ക്ഷാരങ്ങൾ തുടങ്ങിയവയുടെ കമ്പോളവില ശേഖരിച്ചു നൽകി.

(8) തൊണ്ടോടുകൂടിയ നാളികേരത്തിൻെറ ദ്വൈവാരിക തോട്ടവില ശേഖരിച്ച് നാളികേര വികസന ബോർഡിന് നൽകി.

(9) പ്രധാനപ്പെട്ട 9 കാർഷികോൽപ്പന്നങ്ങളുടെ വാർഷിക ശരാശരി വില തിട്ടപ്പെടുത്തി കേന്ദ്ര സർക്കാരിന് നൽകി.

(10) കയറിൻെറയും തൊണ്ടിൻെറയും പ്രതിവാര വില തയ്യാറാക്കി കയർബോർഡിന് നൽകി. കൂടാതെ കയറിൻെറ പ്രതിമാസ വിലനിലവാരം ഗസററിൽ പ്രസിദ്ധപ്പെടുത്തി.

(11) കാർഷിക വിഭവങ്ങളുടെ വിലവിവരങ്ങൾ ആവശ്യപ്രകാരം പൊതുജനങ്ങൾക്ക് നൽകുന്നു.

(12) കേന്ദ്ര സർക്കാർ പ്രസിദ്ധം ചെയ്യുന്ന 1970-71 അടിസ്ഥാന വർഷമായുള്ള മൊത്തവിലസൂചിക, ആവശ്യപ്പെടുന്നതനുസരിച്ച് വ്യക്തികൾ, സർക്കാർ-അർദ്ധസർക്കാർ, സ്വകാര്യ-പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നൽകുന്നു.

(13) അരി, ഗോതമ്പ്, പഞ്ചസാര എന്നിവയുടെ പ്രതിവാര കമ്പോള മൊത്തവില ശേഖരിച്ച് ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയ്ക്ക് നൽകി.

(14) എല്ലാ താലൂക്കിലുമുള്ള പ്രധാനപ്പെട്ട കാർഷികോൽപന്നങ്ങളുടെ പ്രതിമാസ ശരാശരിവില തിട്ടപ്പെടുത്തി ജില്ലാ കളക്ടർമാർക്ക് നൽകി.

9. വനവിഭവങ്ങളുടെ വില ശേഖരിക്കൽ.—18 ഇനം വനവിഭവങ്ങളുടെ വില സംസ്ഥാനത്തെ 4 കേന്ദ്രങ്ങളിൽനിന്നും ശേഖരിച്ച് ഫോറസ്ററ് ഡിപ്പാർട്ടുമെൻറിനു നൽകി.

10. മാർക്കററ് ഇൻറലിജൻസ് പദ്ധതി.—സംസ്ഥാനത്തെ പ്രധാനപ്പെട്ട 38 വ്യാപാരകേന്ദ്രങ്ങളിൽ നിലവിലുള്ള ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശം, കമ്പോള നിലവാരം, കമ്പോള വരവ് തുടങ്ങിയവയെപ്പററിയുള്ള വിവരങ്ങൾ പ്രാഥമികോൽപാദകർക്ക് കൃത്യസമയത്ത് നൽകുക എന്നതാണ്.

തിരുവനന്തപുരം മേഖലയിൽ 27-ം കോഴിക്കോട് മേഖലയിൽ 11-ം കേന്ദ്രങ്ങളിലെ കമ്പോള വിലനിലവാര ബുളളററിൻ തയ്യാറാക്കി, ദിവസേന ആകാശവാണിയിലൂടെ പ്രക്ഷേപണം ചെയ്തു.

11, പ്രതിവാര കമ്പോളനിലവാരാവലോകനം.—തിരഞ്ഞെടുക്കപ്പെട്ട കേന്ദ്ര ങ്ങളിലെ പ്രധാനപ്പെട്ട കാർഷികവിഭവങ്ങളുടെ കമ്പോളനിലവാരാവലോകനം എല്ലാ ഞായറാഴ്ചയും വൈകുന്നേരം ആകാശവാണിയിലൂടെ പ്രക്ഷേപണം ചെയ്തു.

12. അരിയുടെ തുറന്ന കമ്പോളവിലയെക്കുറിച്ചുള്ള പ്രതിദിന റിപ്പോർട്ട്.—എല്ലാ ജില്ലാ തലസ്ഥാനങ്ങളിലും നിലവിലുള്ള അരിയുടെ തുറന്ന കമ്പോളവിലയെക്കുറിക്കുന്ന പ്രതിദിന റിപ്പോർട്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് നൽകി. പാലക്കാട് കേന്ദ്രത്തിനെ സംബന്ധിച്ച റിപ്പോർട്ട് റിസർവ്വ് ബാങ്കിന് നൽകി. കൂടാതെ മൊത്തവിലയെ സംബന്ധിക്കുന്ന പല വിവരണങ്ങളും കേന്ദ്ര-സംസ്ഥാന സ്ഥാപനങ്ങൾക്ക് അവയുടെ ആവശ്യാനു സരണം നൽകി.

13. ഇൻഡക്സ് സീരിസ് വിഭാഗം (കാർഷിക ധനസംബന്ധം).—ഈ വിഭാഗം, കാർഷികോൽപന്നങ്ങളുടെ മൊത്തവിലസൂചിക, കാർഷിക വിഭവ ങ്ങളിൽനിന്നുള്ള വരുമാനവും അവയ്ക്കു വേണ്ടിവരുന്ന ചെലവും തമ്മിലുള്ള താരതമ്യ പഠന സൂചിക, കാർഷികവേതന സൂചിക, കാർഷിക മേഖലകളെ സംബന്ധിച്ച ഏഴു സൂചികകൾ എന്നിവ തയ്യാറാക്കി പ്രസിദ്ധീകരിച്ചു.

14. കാർഷിക വിളകളുടെ ചില്ലറവില.—സംസ്ഥാനത്തെ എല്ലാ താലൂക്കു കളിൽനിന്നും പ്രധാനപ്പെട്ട 27 കാർഷിക വിഭവങ്ങളുടെ പ്രതിമാസ ചില്ലറ വില ശേഖരിച്ച് കേരള ഗസററിൽ പ്രസിദ്ധപ്പെടുത്തി.

15. സംസ്ഥാന വരുമാനം നിർണ്ണയിക്കൽ.—മുനിസിപ്പാലിററികളി ലെയും സിററി കോപ്പറേഷനുകളിലേയും 1980-81, 1981-82 എന്നീ വർഷങ്ങളിലെ വാർഷിക ബഡ്ജററിലെ സാമ്പത്തിക തരംതിരിക്കൽ കണക്ക് സംബന്ധിച്ചുള്ള ഒരു റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തി. സംസ്ഥാന സർക്കാരിന്റെ 1986-87 വർഷത്തെ ബഡ്ജററിന്റെ ലക്ഷ്യോൻമുഖമായി ഇനം തിരിച്ചുള്ള കണക്കുകൾ സംബന്ധിച്ചും സാമ്പത്തിക തരംതിരിക്കൽ സംബന്ധിച്ചുമുള്ള റിപ്പോർട്ടുകൾ തയ്യാറാക്കി സെൻട്രൽ സ്ററാററിസ്ററിക്കൽ ഓർഗനൈസേഷന് നൽകി. 1970-71 മുതൽ 1984-85 സാമ്പത്തിക വർഷംവരെയുള്ള തനതു വർഷവിലയിലും അടി സ്ഥാന വർഷവിലയിലും ജില്ലാ അടിസ്ഥാനത്തിൽ യഥാർത്ഥ വരുമാനവും ആളോഹരി വരുമാനവും കണക്കാക്കി വിവിധ പട്ടികകൾ ഉൾക്കൊള്ളിച്ചിട്ടുള്ള ജില്ലാതല റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തി.

16. ജനന മരണ സ്ഥിതിവിവരക്കണക്ക് ശേഖരിക്കൽ.—പട്ടണ പ്രദേ ശത്തെ സ്ഥിരതാമസക്കാരുടെ ജനനമരണ നിരക്കിൻമേലുള്ള പഠനം, (സ്പോട്ട് ചെക്ക് സർവ്വേ), മരണകാരണങ്ങൾ വ്യക്തമാക്കുന്നതിന് മെഡിക്കൽ ഓഫീസർ നൽകിയിട്ടുള്ള സർട്ടിഫിക്കററിൻമേലുള്ള പഠനം, മരണകാരണങ്ങളെ ക്കുറിച്ച് ഗ്രാമപ്രദേശങ്ങളിൽ നടത്തുന്ന സർവ്വേ എന്നീ പദ്ധതികൾ റിപ്പോർട്ടു വർഷത്തിലും തുടർന്നു നടത്തി. കോർപ്പറേഷനുകളിലും മുനിസിപ്പാലിററി കളിലും പഞ്ചായത്തുകളിലും നിന്നു ലഭിക്കുന്ന ജനന മരണ വിവരങ്ങൾ

ക്രോഡീകരിച്ച് ജില്ലാടിസ്ഥാനത്തിൽ റിപ്പോർട്ട് തയ്യാറാക്കി മാസംതോറും രജിസ്ട്രാർ ജനറലിന് അയച്ചു. ഓരോ മുനിസിപ്പാലിററിയിലേയും കോർപ്പറേഷനിലേയും യഥാർത്ഥ ജനനമരണ നിരക്കുകൾ കണക്കാക്കി 1986-ലെ വാർഷിക റിപ്പോർട്ട് തയ്യാറാക്കി. മരണ കാരണങ്ങൾ ഇൻറർനാഷണൽ ക്ലാസിഫിക്കേഷൻ അനുസരിച്ച് കോഡു ചെയ്ത് 1986-ലെ റിപ്പോർട്ട് തയ്യാറാക്കി. തെരഞ്ഞെടുക്കപ്പെട്ട 150 ഗ്രാമങ്ങളിൽ ജനനമരണങ്ങൾ കൃത്യമായി രജിസ്ററർ ചെയ്ത്, അവയുടെ റിപ്പോർട്ടും 44-ം 45-ം അർദ്ധവാർഷിക സർവ്വേയുടെ ഫലങ്ങളും ഭാരത രജിസ്ട്രാർ ജനറലിന് നൽകി.

17. വ്യവസായ ഉല്പാദന സൂചിക.—30-6-1987, 30-9-1987, 31-12-1987 30-3-1988 എന്നീ കാലയളവിലെ വ്യാവസായികോല്പാദന സൂചികയുടെ ത്രൈമാസിക റിപ്പോർട്ടുകളും 1987-88-ലെ വാർഷിക റിപ്പോർട്ടും തയാറാക്കി. 1986-87-ൽ സംസ്ഥാനത്തിലെ കടൽമാർഗ്ഗ കയററുമതി ഇറക്കുമതിയെക്കുറിച്ചുളള വിവരങ്ങൾ സമാഹരിച്ച് തയ്യാറാക്കുകയും 1987-88-ലെ വിവരങ്ങൾ സമാഹരിക്കുന്നതിനുളള പ്രാരംഭ ജോലികൾ ആരംഭിക്കുകയും ചെയ്തു. 1987-88-ലെ മൊത്തവില നിലവാരസൂചിക തയ്യാറാക്കി.

18. മാനവശേഷി വിവേപഠനങ്ങൾ.—ഈ വിഭാഗം നാലു പഠനങ്ങൾ പൂർത്തിയാക്കുകയും അഞ്ച് പഠനങ്ങൾ നടത്തിവരികയും ചെയ്യുന്നു.

19. ഇവാലുവേഷൻ.—മണ്ണൊലിപ്പു തടയുന്ന പദ്ധതിയനുസരിച്ച് ധനസഹായം ലഭിച്ചവരുടെ ധനവിനിയോഗം, ഉല്പാദനനിരക്കിൽ ഉണ്ടായിട്ടുളള മാററം, അധികമായി കൃഷിക്ക് ഉപയുക്തമായ ഭൂമിയുടെ വിസ്തൃതി മുതലായവയെക്കുറിച്ച് അറിയുന്നതിന് നടത്തിയ പഠനത്തിൻെറ ആദ്യഘട്ടമായി ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ വിശദമായ സർവ്വേ പാലക്കാട് ജില്ലയിലും തിരുവനന്തപുരം ജില്ലയിലും പൂർത്തിയാക്കി.

20. നാഷണൽ സാമ്പിൾ സർവ്വേ.—1987-88-ലെ 43-ാം തവണ സാമ്പിൾ സർവ്വേ പൂർത്തീകരിച്ചു. 1988 ജൂലൈ മാസത്തിൽ ആരംഭിച്ച 44-ാം തവണ സർവ്വേ പുരോഗമിക്കുന്നു. ഇന്ത്യാ ഗവൺമെൻറിൻെറ വിനോദസഞ്ചാര മന്ത്രാലയത്തിനുവേണ്ടി ജനങ്ങളുടെ സഞ്ചാരരീതികളെ (ട്രാവൽ ഹാബിററ്സ്) ക്കുറിച്ചുളള വിവരങ്ങൾ ശേഖരിച്ചു നൽകി.

21. ഡിസൈൻ, സർവ്വേ ആൻറ് സ്ററഡീസ് വിഭാഗം.—റിപ്പോർട്ട് വർഷത്തിൽ ഈ വിഭാഗം നാല് സർവ്വേകളുടെ രൂപരേഖ തയ്യാറാക്കി.

22. ഔദ്യോഗിക ഭാഷാവിഭാഗം.—ഒരു സാങ്കേതിക വകുപ്പായതിനാൽ ഔദ്യോഗിക ഭാഷ പൂർണ്ണമായും മലയാളമാക്കുക സാദ്ധ്യമല്ല. താലൂക്ക് തലങ്ങളിൽ പൂർണ്ണമായും, ജില്ലാതലങ്ങളിൽ ഭാഗികമായും മലയാളമാക്കുവാൻ സാധിച്ചിട്ടുണ്ട്.

23. ഏകോപന വിഭാഗം.—വിവിധ വകുപ്പുകളിലെ സ്ററാററിസ്ററിക്കൽ മേധാവികളുടെ യോഗം 1988 മേയ് 26, 28, ജൂലൈ 26 എന്നീ തീയതികളിൽ നടത്തുകയുണ്ടായി. പ്രസ്തുത യോഗത്തിൽ അതത് വകുപ്പുകളിലെ പ്രവർത്തനങ്ങൾ വിശദീകരിക്കുകയും, ഭാവി പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തിന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

24. മെക്കാനിക്കൽ ടാബുലേഷൻ.—1985-ലെ ജനന മരണ കണക്കിൻെറ ടാബുലേഷൻ ജോലികൾ പൂർത്തിയാക്കുകയും 1986-ലെ ടാബുലേഷൻ ജോലി നടത്തിവരികയും ചെയ്യുന്നു.

25. <u>വ്യാവസായിക സ്ഥിതിവിവരക്കണക്ക് വിഭാഗം</u>.—നാഷണൽ സാമ്പിൾ സർവ്വേ (റിസർച്ച് ഓപ്പറേഷൻ ഡിവിഷൻ) നടത്തുന്ന വാർഷിക വ്യവസായ സർവ്വേയുടെ വിവരങ്ങൾ സമാഹരിച്ച് 1983-84-ലെ റിപ്പോർട്ട് തയ്യാറാക്കി. 1984-85-ലെ റിപ്പോർട്ട് പുരോഗമിച്ചുവരുന്നു.

26. <u>തൊഴിൽ സ്ഥിതിവിവരക്കണക്ക് വിഭാഗം</u>.—1948-ലെ ഫാക്ടറി നിയമപ്രകാരം 1986-ൽ രജിസ്റ്റർ ചെയ്ത ഫാക്ടറികളിൽനിന്നുള്ള വാർഷിക കണക്ക്പത്രികകൾ സൂക്ഷ്മ പരിശോധന ചെയ്ത് തയ്യാറാക്കിയ വാർഷിക റിപ്പോർട്ടും സ്റ്റേറ്റ്മെന്റും കൂടാതെ മററ് നാല് റിപ്പോർട്ടുകൾ കൂടി 'ലേബർ ബ്യൂറോയ്ക്ക്' നൽകി. ഇതിനുപുറമേ വാർഷിക കണക്ക് പത്രികകളെ ആധാരമാക്കി ജില്ല തിരിച്ച് തയ്യാറാക്കിയ 1986-ലെ ഫൈനലും 1987-ലെ പ്രൊവിഷണലുമായ റിപ്പോർട്ട് സംസ്ഥാന പ്ലാനിംഗ് ബോർഡിനും നൽകി.

27. <u>ഭവനനിർമ്മാണവും വേതന ഘടനയും വിഭാഗം</u>.—ഭവനനിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ചും അതിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികളെക്കുറിച്ചും വ്യാപാര-വാണിജ്യ മേഖലകളിൽ പ്രവർത്തിക്കുന്ന ജോലിക്കാരെക്കുറിച്ചുമുള്ള വേതന ഘടനയെ സംബന്ധിച്ച വിവരണങ്ങൾ ശേഖരിച്ച് വിശകലനം ചെയ്ത് ആവശ്യാനുസരണമുള്ള പട്ടികകൾ തയ്യാറാക്കി ദേശീയ കെട്ടിട നിർമ്മാണ സംഘടനയ്ക്ക് അയച്ചുകൊടുക്കുകയും വേതനഘടനയെ സംബന്ധിച്ചുള്ള വിവരങ്ങൾ സംസ്ഥാന വരുമാന നിർണ്ണയ വിഭാഗത്തിന് പഠനത്തിനായി നൽകുകയും ചെയ്തു.

28. <u>പ്ലാനിംഗ് വിഭാഗം</u>.—സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിനായി ഏറ്റെടുത്തു നടത്താൻ ഉദ്ദേശിക്കുന്ന പദ്ധതികൾ തയ്യാറാക്കി ഗവൺമെന്റിൽ സമർപ്പിക്കുകയും പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി അവലോകനം ചെയ്ത് പ്രതിമാസ-ത്രൈമാസിക-അർദ്ധവാർഷിക റിപ്പോർട്ടുകൾ തയ്യാറാക്കി സംസ്ഥാന ഗവൺമെന്റിനും കേന്ദ്ര ഗവൺമെന്റിനും അയയ്ക്കുകയും ചെയ്യുക എന്നതാണ് ഈ വിഭാഗത്തിന്റെ പ്രധാന ജോലി. റിപ്പോർട്ടു വർഷത്തിൽ 10 ഉദ്യോഗസ്ഥന്മാർക്ക് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ-ഗവൺമെന്റിൽ പരിശീലനം നൽകി. വിവിധ സർവ്വേകളുടെ നടത്തിപ്പിനെക്കുറിച്ച് ചർച്ച ചെയ്യാനായി ജില്ലാതല ഓഫീസർമാരുടെ അഞ്ച് കോൺഫറൻസുകൾ നടത്തി.

29. <u>പബ്ലിക്കേഷൻ ഡിവിഷൻ</u>.—ഈ വിഭാഗം 1988-89-ൽ വിവിധ വിഷയങ്ങളിലായി 34 റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചു.

30. <u>ചെലവ്</u>.—റിപ്പോർട്ടു വർഷത്തിൽ വകുപ്പിന്റെ ആകെ ചെലവ് 315.36 ലക്ഷം രൂപ ആയിരുന്നു.

31. 1988-89-ൽ വകുപ്പിന്റെ പ്രവർത്തനം സാമാന്യം തൃപ്തികരമായിരുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
വി. കൃഷ്ണമൂർത്തി,
സെക്രട്ടറി.

## ആമുഖം

സാമ്പത്തിക സ്ഥിതിവിവരക്കണക്കുവകുപ്പ് (എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് ഡിപ്പാർട്ടുമെൻറ്) സമ്പത്ത് ഘടനയുടെ വിവിധ മേഖലകളെ സംബന്ധിച്ച സ്ഥിതിവിവരങ്ങൾ ശേഖരിച്ച്, ക്രോഡീകരിച്ച്, ശാസ്ത്രീയമായി വിശകലനം ചെയ്ത് ആസൂത്രണത്തിനുപയുക്തമായ രീതിയിൽ ലഭ്യമാക്കുന്ന പ്രധാന ഏജൻസിയായി വർത്തിക്കുന്നു. ആയതി ലേക്കാവശ്യമായ സർവ്വേകളുടെയും സെൻസസുകളുടെയും നടത്തിപ്പ് ഈ വകുപ്പിൻെറ പ്രധാന ജോലിയാണ്. മാത്രമല്ല അന്യ വകുപ്പുകൾക്കുവേണ്ടി സർവ്വേകളും സെൻസസുകളും നടത്തുന്നതിൻെറ ചുമതലയും ഈ വകുപ്പിനുള്ള താകുന്നു. സ്ഥിതിവിവരക്കണക്കുകളെ സംബന്ധിച്ചിടത്തോളം സംസ്ഥാന ത്തിൻെറ ആധികാരിക വക്താവാണിത്. ഗവൺമെൻറിന് സ്ഥിതിവിവര കണക്കു സംബന്ധമായ ഉപദേശം നൽകേണ്ടത് ഈ വകുപ്പിൻെറ മറെറാരു പ്രധാന ചുമതലയാണ്. സംസ്ഥാന സമ്പത്ത്‌വ്യവസ്ഥിതിയുടെ വിവിധ മേഖലകളിലെ സ്ഥിതി വിവരങ്ങൾ ശേഖരിച്ച് യഥാവിധി സംസ്ക്കരിച്ച് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കും മററു ബന്ധപ്പെട്ട സ്ഥാപനങ്ങൾക്കും നൽകുകയുണ്ടായി. വിശദമായ പ്രവർത്തനങ്ങൾ താഴെ കൊടുക്കുന്നു.

## ഉദ്യോഗസ്ഥൻമാർ

1. ഡയറക്ടർ :

റിപ്പോർട്ട് വർഷത്തിൽ ശ്രീ. കെ. ബാലകൃഷ്ണൻ നായർ ഡയറക്ടറായിരുന്നു. 31-3-1989-ൽ അദ്ദേഹം സർവ്വീസിൽനിന്നും വിരമിച്ചു. തൽസ്ഥാനത്ത് ഡയറക്ടറായി ശ്രീമതി പി. എൽ. ശ്രീദേവിഅമ്മയെ നിയമിച്ചു. (സർക്കാർ ഉത്തരവ് നമ്പർ 5/89/പ്ലാനിംഗ് തീയതി 13-3-1989).

2. അഡീഷണൽ ഡയറക്ടർമാർ :

ശ്രീമതി പി. എൽ. ശ്രീദേവിഅമ്മ റിപ്പോർട്ട് വർഷത്തിലും അഡീഷണൽ ഡയറക്ടർ (ജനറൽ) ആയി തുടർന്നു. ശ്രീമതി എസ്. രത്നാഭായിഅമ്മാൾ പ്രൈസസ് വിഭാഗം അഡീഷണൽ ഡയറക്ടറായും ശ്രീമതി റ്റി. സരസ്വതിഅമ്മ സംസ്ഥാന വരുമാന വിഭാഗം അഡീഷണൽ ഡയറക്ടറായും തുടർന്നു. അഡീഷണൽ ഡയറക്ടറായ ശ്രീ. ജി. സോമശേഖരൻ നായർക്ക് സംസ്ഥാന ലാൻഡ് യൂസ് ബോർഡിലേക്കുള്ള ഡെപ്യൂട്ടേഷൻ കാലാവധി നീട്ടി കൊടുത്തു.

3. അഡ്മിനിസ്ട്രേറ്റീവ് ആഫീസർമാർ :

റിപ്പോർട്ട് വർഷത്തിൽ താഴെ പറയുന്ന ആഫീസർമാർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ സ്ഥാനം വഹിച്ചിരുന്നു.

1. ശ്രീ. റ്റി. സിറിൽ ജോർജ്, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ 4-4-1988 വരെ.

2. ശ്രീ. പി. എ. ശക്തിധരൻ, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ 4-4-1988 മുതൽ 8-8-1988 വരെ

3. ശ്രീ. പി. പി. ഗോപി, അഡ്മിനിസ്ട്രേറ്റീവ് ആഫീസർ 9-8-1988 മുതൽ 9-3-1989 വരെ

4. ശ്രീ. പി. എ. ദാസ് 9-3-1989 മുതൽ തുടരുന്നു.

4. ജോയിൻറ് ഡയറക്ടർമാർ :

1 ശ്രീ. റ്റി. പി. രാജഗോപാലൻ 28-2-1989 വരെ.
2 ശ്രീ. കെ. അച്ചുതൻ
3 ഡോ: എം. കുട്ടപ്പൻ
4 ശ്രീമതി സി. സൈനബ
5 ശ്രീമതി കെ. ലീലാകുമാരി 31-8-1988 വരെ
6 ശ്രീ. എം. എൻ. രാജൻ 22-9-1988 മുതൽ 31-10-1988 വരെ
7 ശ്രീ. ഇ. ജമാൽ മുഹമ്മദ് 1-11-1988 മുതൽ 2-3-1989 വരെ
8 ശ്രീ. എ. മീരാസാഹിബ് 20-3-1989 മുതൽ
9 ശ്രീ. യു. തോമസ്സ്ലീബ 12-10-1988 മുതൽ 28-2-1989 വരെ

5. ഡെപ്യൂട്ടി ഡയറക്ടർമാർ :

1 ശ്രീ. യു. തോമസ് സ്ലീബ 5-10-1988 വരെ
2 ,, ഇ. ജമാൽ മുഹമ്മദ് 22-9-1988 വരെ
3 ,, എം. എൻ. രാജൻ 21-9-1988 വരെ
4 ,, എ. മീരാസാഹിബ് 19-3-1989 വരെ
5 ശ്രീമതി എസ്. സുനീത

6 ശ്രീ. സോമവർമ്മ 31-5-1988 വരെ
7 ,, എം. എം. ഹരിദാസൻ നായർ
8 ,, വി. എ. എബ്രഹാം
9 ,, കെ. മുഹമ്മദ് കുട്ടി
10 ശ്രീമതി എ. സരസമ്മ 31-1-1989 വരെ
11 ,, കെ. ലില്ലിക്കുട്ടി വർഗ്ഗീസ് 30-9-1988 വരെ
12 ശ്രീ. ജോസഫ് ജെ. കാവുക്കാട് 1-2-1989 മുതൽ
13 ,, പി. സി. ജയിൻ
14 ,, പി. ററി. ആൻറണി
15 ,, പി. ഗോപിനാഥൻ നായർ
16 ,, ററി. ററി. മൈക്കിൾ 6-5-1988 മുതൽ
17 ,, പി. കൊച്ചുനാരായണപിള്ള
18 ശ്രീമതി സി. വിജയഭാരതിക്കുട്ടിയമ്മ 31-1-1989 വരെ
19 ശ്രീ. ററി. എച്ച്. വിൽസ് 10-10-1988 മുതൽ
20 ,, കെ. സാം വർഗ്ഗീസ് 30-9-1988 മുതൽ
21 ,, കെ. പി. രാജേന്ദ്രപ്രസാദ് 30-11-1988 മുതൽ
22 ,, കെ. നാരായണൻ 27-11-1988 മുതൽ
23 ശ്രീമതി മിനി ജോർജ് 27-12-1988 മുതൽ
24 ശ്രീ. വി. ജെ. ഐസക്ക് 20-3-1989 മുതൽ
25 ,, സി. പി. ഗോപിനാഥൻ നായർ 5-10-1988 മുതൽ

6. അസിസ്ററൻറ് ഡയറക്ടർമാർ :

1 ശ്രീ. ററി. ററി. മൈക്കിൾ 4-5-1988 വരെ
2 ശ്രീമതി കനകം ഹരിദാസ് 23-6-1988 വരെ
3 ശ്രീ. പി. കൊച്ചുനാരായണപിള്ള 23-6-1988 വരെ
4 ,, ഡി രാജൻ 22-9-1988 വരെ
5 ,, കെ. സാം വർഗ്ഗീസ് 23-9-1988 വരെ
6 ,, സി. പി. ഗോപിനാഥൻ നായർ 30-9-1988 വരെ
7 ,, എം. വേലായുധൻ 23-9-1988 വരെ
8 ,, എം. ഡി. യേശുദാസ് 23-9-1988 വരെ
9 ,, കെ. നാരായണൻ 26-11-1988 വരെ
10 ,, എ. വി. യാക്കൂബ് 15-3-1989 മുതൽ
11 ശ്രീമതി മിനി ജോർജ് 17-12-1988 വരെ
12 ശ്രീ. ബി. മോഹനകുമാരൻ നായർ 31-1-1989 വരെ
13 ശ്രീമതി ബി. അംബികാകുമാരി 28-2-1989 വരെ
14 ശ്രീ. എം. പി. സതീശൻ 12-9-1988 മുതൽ
15 ,, സി. പി. രാജേന്ദ്രൻ 17-8-1988 മുതൽ
16 ശ്രീമതി മേരി മാനുവൽ 16-9-1988 മുതൽ 30-9-1988 വരെ
17 ,, കെ. രാധമ്മ 23-9-1988 മുതൽ
18 ശ്രീ. ററി. വി. ഐസക്ക് 23-9-1988 മുതൽ
19 ശ്രീമതി ജെ. ബിയാട്രിസ് 23-9-1988 മുതൽ
20 ശ്രീ. പി. കെ. ദാസൻ 10-10-1988 മുതൽ
21 ശ്രീമതി എ. ശ്യാമളാദേവി 22-9-1988 മുതൽ
22 ശ്രീ. സി. ജെ. ഗോപാലകൃഷ്ണൻ നായർ 1-12-1988 മുതൽ
23 ശ്രീമതി കെ. പി. ത്രേസ്യാമ്മ 26-11-1988 മുതൽ
24 ,, പി. ഡി. മറിയാമ്മ 17-12-1988 മുതൽ
25 ശ്രീ. ററി. ഒ. ജോൺ 2-3-1989 മുതൽ

7. ജില്ലാ ആഫീസർമാർ/റീജിയണൽ സ്ററാററിസ്ററിക്കൽ ആഫീസർമാർ

1 ശ്രീ. വി. സി. ജോർജ്
2 ,, ഡി. കെ. വിദ്യാനന്ദൻ
3 ,, കെ. കൃഷ്ണൻ 31-10-1988 വരെ
4 ,, എച്ച്. ജോൺസൺ
5 ,, കെ. എം. മാത്യു 11-5-1988 മുതൽ 31-10-1988 വരെ
6 ,, പി. ആർ. മുരളീധരൻ നായർ
7 ,, എ. വി. യാക്കൂബ് 13-3-1989 വരെ
8 ,, കെ. ശ്രീധരൻ
9 ,, കെ. ആർ. രാജൻ
10 ,, കെ. ററി. സക്കറിയ
11 ,, ററി. യു. മത്തായി
12 ,, ജി. അരവിന്ദാക്ഷൻ നായർ 11-4-1988 മുതൽ
13 ,, ററി. ജെ. ചാണ്ടി 27-6-1988 മുതൽ
14 ,, കെ. എൻ. വാസുദേവൻ നായർ 14-9-1988 മുതൽ
15 ,, ജെ. അപ്പുക്കുട്ടൻ ചെട്ടിയാർ 24-10-1988 മുതൽ
16 ,, എ. കെ. നാരായണൻ കർത്ത 19-12-1988 മുതൽ
17 ,, കെ. എസ്. നാരായണൻ നായർ 29-11-1988 മുതൽ
18 ,, കെ. എൻ. ജയചന്ദ്രൻ 3-12-1988 മുതൽ
19 ,, ഡി. ലൂക്കോസ് 1-3-1989 മുതൽ
20 ,, എം. ചന്ദ്രശേഖരൻ നായർ 27-2-1989 മുതൽ
21 ,, ആർ. വാസുദേവൻ നായർ 3-3-1989 മുതൽ
22 ,, പി. വി. രാമചന്ദ്രൻ നായർ 21-3-1989 മുതൽ

8. അഡ്മിനിസ്ട്രേററീവ് അസിസ്ററൻറ്

1 ശ്രീ. കെ. പി. കരുണാകരൻ 30-6-1988 വരെ
2 ശ്രീമതി വി. എസ്. ജാനകി
3 ശ്രീ. എം. ഭാഷ്യം
4 ,, പി. കെ. നാണു 1-7-1988 മുതൽ

ഈ വകുപ്പിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥൻമാരുടെ ഇനം തിരിച്ചുള്ള എണ്ണം (31-3-1989-ലെ കണക്കനുസരിച്ച്)

(എ) സാങ്കേതിക വിഭാഗം

| | | |
|---|---|---|
| 1 | ഡയറക്ടർ | 1 |
| 2 | അഡീഷണൽ ഡയറക്ടർ | 3 |
| 3 | ജോയിൻറ് ഡയറക്ടർ | 6 |
| 4 | ഡെപ്യൂട്ടി ഡയറക്ടർ | 15 |
| 5 | അസിസ്ററൻറ് ഡയറക്ടർ | 14 |
| 6 | ജില്ലാ ആഫീസർ/റീജിയണൽ സ്ററാററിസ്ററിക്കൽ ആഫീസർ | 17 |
| 7 | അഡീഷണൽ ജില്ലാ സ്ററാററിസ്ററിക്കൽ ആഫീസർ/പ്രൈസ് സൂപ്പർവൈസറി ആഫീസർ/സ്ക്രൂട്ടിനി ആഫീസർ | 44 |
| 8 | റിസർച്ച് ആഫീസർ | 45+7 |

| | | |
|---|---|---|
| 9 | ഡോക്കുമെൻേറഷൻ ആഫീസർ | 1 |
| 10 | സീനിയർ സൂപ്പർവൈസർ | 1 |
| 11 | താലൂക്ക് സ്ററാററിസ്ററിക്കൽ ആഫീസർ | 61 |
| 12 | ഡെപ്യൂട്ടി ഹെൽത്ത് ആഫീസർ ഗ്രേഡ് I | 3 |
| 13 | ഡെപ്യൂട്ടി ഹെൽത്ത് ആഫീസർ ഗ്രേഡ് II | 2 |
| 14 | സ്ററാററിസ്ററിക്കൽ ഇൻസ്പെക്ടർ/പ്രൈസ് ഇൻസ്പെക്ടർ/റിസർച്ച് അസിസ്ററൻറ്/ എം. ററി. സൂപ്പർവൈസർ | 180 |
| 15 | യു. ഡി. കമ്പയിലർ/ഇൻവെസ്ററിഗേററർ/പഞ്ച് കാർഡ് ഓപ്പറേററർ/ജൂനിയർ സ്ററാററിസ്ററിക്കൽ ഇൻസ്പെക്ടർ | 608 |
| 16 | ഡ്രാഫ്ററ്സ്മാൻ | 3 |
| 17 | റോട്ടാപ്രസ് ഓപ്പറേററർ | 1 (ആളെ നിയമിച്ചിട്ടില്ല) |
| 18 | റോട്ടാ ടൈപ്പിസ്ററ് യൂ. ഡി. | 1 (ആളെ നിയമിച്ചിട്ടില്ല) |
| 19 | എൽ. ഡി. കമ്പയിലർ/ഇൻവെസ്ററിഗേററർ/പഞ്ച് കാർഡ് ഓപ്പറേററർ | 703 |
| | സാങ്കേതികവിഭാഗം ആകെ | 1712 |

മററു വകുപ്പുകളിൽ ജോലിചെയ്യുന്നവരുടെ എണ്ണം ഉൾപ്പെടുത്തിയിട്ടില്ല

(ബി) ഭരണവിഭാഗം

| | | |
|---|---|---|
| 1 | അഡ്മിനിസ്ട്രേററീവ് ഓഫീസർ | 1 |
| 2 | അഡ്മിനിസ്ട്രേററീവ് അസിസ്ററൻറ് | 3 |
| 3 | സീനിയർ സൂപ്രണ്ട് | 4 |
| 4 | ജൂനിയർ സൂപ്രണ്ട് | 3 |
| 5 | ഫെയർകോപ്പി സൂപ്രണ്ട് | 3 |
| 6 | ഹെഡ് ക്ലാർക്ക് | 4 |
| 7 | യൂ. ഡി. ക്ലാർക്ക് | 10 |
| 8 | കോൺഫിഡൻഷ്യൽ അസിസ്ററൻറ് | 6 |
| 9 | സീനിയർ ഗ്രേഡ് യൂ. ഡി. ടൈപ്പിസ്ററ് | 24 |
| 10 | എൽ. ഡി. ടൈപ്പിസ്ററ് | 23 |
| 11 | മൊച്ചി | 1 |
| 12 | ഡഫേദാർ | 1 |
| 13 | അററൻഡർ | 1 |
| 14 | ഡ്യൂപ്ളിക്കേററർ മെഷ്യൻ ഓപ്പറേററർ | 1 |
| 15 | പ്യൂൺ | 75 |
| 16 | ഡ്രൈവർ | 17 |
| 17 | നൈററ് വാച്ചർ | 1 |
| | ഭരണവിഭാഗം ആകെ | 178 |
| | (എ)+(ബി) | 1890 |

3. സർവേ/പഠനപ്രവർത്തനങ്ങൾ

(1) കാർഷിക സ്ഥിതി വിവരക്കണക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള ഏജൻസി.—പ്രധാന കാർഷികവിളകളുടെ വിസ്തൃതി, ഉല്പാദനം, ഉല്പാദനനിരക്ക്, ഭൂവിനിയോഗവിവരങ്ങൾ എന്നിവ സൂക്ഷ്മമായി തിട്ടപ്പെടുത്തുന്നതിനുവേണ്ടി 1975-76 കാർഷിക വർഷത്തിലാരംഭിച്ച ഈ പദ്ധതിയുടെ

ഒന്നും രണ്ടും ഘട്ടങ്ങൾ യഥാക്രമം 1981 ജൂണിലും 1986 ജൂണിലും പൂർത്തിയായി. ഈ പദ്ധതിയുടെ മൂന്നാം ഘട്ടം 1986 ജൂലൈ മാസത്തിൽ ആരംഭിച്ചു. 1986-87 വരെയുള്ള സർവ്വേ റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചു. 1987-88 മുതൽ സംസ്ഥാനത്തെ 811 ഇൻവെസ്റ്റിഗേറ്റർ സോണുകളാക്കി തിരിച്ച് ഓരോ സോണിലും അഞ്ച് പ്ലോട്ടുകൾ അടങ്ങുന്ന 100 ക്ലസ്റ്ററുകൾ വീതം തെരഞ്ഞെടുത്തു. സർവ്വേ-ബ്ലോക്കുതല സ്ഥിതിവിവരക്കണക്കുകൾ ലഭ്യമാകത്തക്ക വിധം സർവ്വേ പരിഷ്ക്കരിച്ചു. 1987-88-ലെ റിപ്പോർട്ട് തയ്യാറാക്കി വരുന്നു. 1988-89 വർഷത്തെ സർവ്വേ പുരോഗമിച്ചുവരുന്നു. ഇതിനോടനുബന്ധിച്ചുള്ള സീസൺ ആൻറ് ക്രോപ്പ് റിപ്പോർട്ടിൻെറ 1986-87 വരെയുള്ള റിപ്പോർട്ടുകൾ തയ്യാറാക്കി.

(2) മഴയുടെ സ്ഥിതിവിവരക്കണക്ക് തയ്യാറാക്കൽ.—സംസ്ഥാനത്തെ വിവിധ മഴയളക്കൽ കേന്ദ്രങ്ങളിൽ രേഖപ്പെടുത്തിയ ദിവസേനയുള്ള മഴയുടെ കണക്ക് 1988 ഒക്ടോബർവരെയുള്ള കാലത്തെ ശരാശരി ഒരു മാസം പെയ്ത മഴയുടെ കണക്ക് ഇവ തയ്യാറാക്കി പൂനയിലെ കാലാവസ്ഥാ നിരീക്ഷണകേന്ദ്രത്തിന് അയച്ചുകൊടുത്തു. കൂടാതെ ഓരോ മാസത്തിലും സംസ്ഥാനത്ത് പെയ്ത മഴയുടെ 1987 വരെയുള്ള ശരാശരി കണക്ക് ജില്ല തിരിച്ചു കണക്കാക്കി പ്രസിദ്ധപ്പെടുത്തി.

(3) കൃഷിയുടെ സ്ഥിതി വിവരക്കണക്ക് പ്രവചന റിപ്പോർട്ട് തയ്യാറാക്കൽ.—റിപ്പോർട്ട് വർഷത്തിൽ പ്രധാന വിളകളുടെ വിസ്തൃതിയും വിളവും സംബന്ധിച്ച പ്രവചന റിപ്പോർട്ടുകൾ തയ്യാറാക്കി ഭാരതസർക്കാരിനും മററു ബന്ധപ്പെട്ട ഓഫീസുകൾക്കും അയച്ചുകൊടുത്തു. കൃഷിഭൂമിയിൽ പുതിയ സാങ്കേതികവിദ്യ നടപ്പാക്കുന്നതിനുള്ള തടസ്സങ്ങളെക്കുറിച്ചുള്ള മാതൃകാപഠനം എറണാകുളം ജില്ലയിൽ നടപ്പാക്കികൊണ്ടിരിക്കുന്നു. 50 ശതമാനം കേന്ദ്രസഹായമുള്ള ഈ പദ്ധതിയുടെ കാലാവധി അടുത്ത ജൂൺ വരെ ദീർഘിപ്പിച്ചിട്ടുണ്ട്. ഈ സർവ്വേയിലൂടെ ശേഖരിക്കപ്പെടുന്ന വിവരങ്ങൾ ഇൻഡ്യൻ കാർഷിക ഗവേഷണകൗൺസിലിന് അയച്ചുകൊടുത്തു വരുന്നു.

കൃഷിച്ചെലവ് സർവ്വേ :

1988-89 കാർഷികവർഷത്തിലെ നെല്ല്, തേങ്ങ, ഏത്തവാഴ, മരിച്ചീനി എന്നീ വിളകളെ സംബന്ധിച്ച്യുള്ള കൃഷിച്ചെലവ് സർവ്വേ സംസ്ഥാനത്തെ 38 താലൂക്കുകളിൽ നടന്നുവരുന്നു. 1985-86, 1986-87 എന്നീ വർഷങ്ങളിലെ റിപ്പോർട്ടുകൾ പ്രസിദ്ധപ്പെടുത്തി. 1987-88-ലെ കൃഷിച്ചെലവ് സർവ്വേയുടെ ടാബുലേഷൻ ജോലി നടന്നുകൊണ്ടിരിക്കുന്നു.

ഈ സർവ്വേയ്ക്കുവേണ്ടി തെരഞ്ഞെടുക്കപ്പെട്ട കർഷകരെ ഇൻവെസ്റ്റിഗേറ്റർമാർ രണ്ടാഴ്ചയിൽ ഒരിക്കൽ സന്ദർശിച്ച് അതാതു കാലയളവിൽ നടത്തിയ കൃഷി മുറകൾ, അവയ്ക്കുവേണ്ടിവരുന്ന ചെലവുകൾ തുടങ്ങിയവയെ കുറിച്ച് അന്വേഷിച്ച് നിശ്ചിത ഫാറങ്ങളിൽ വിവരങ്ങൾ ശേഖരിക്കുന്നു. ഈ ഫാറങ്ങൾ ഡയറക്ടറേററിൽവച്ച് പരിശോധിച്ച് ക്രോഡീകരിച്ച് വിശകലനം ചെയ്ത് റിപ്പോർട്ട് തയ്യാറാക്കുന്നു.

കാർഷികസെൻസസ് :

കേന്ദ്രഗവൺമെൻറിൻെറ സമ്പൂർണ്ണ സാമ്പത്തിക സഹായത്താൽ അഖിലേന്ത്യാതലത്തിൽ നടത്തപ്പെടുന്ന കാർഷിക സെൻസസിനുവേണ്ടി സംസ്ഥാനത്തെ കൈവശഭൂമിയെ സംബന്ധിച്ച് വിവിധ വിവരങ്ങൾ ശേഖരിക്കുകയും ശേഖരിച്ച വിവരങ്ങൾ അപഗ്രഥിക്കുകയും ചെയ്യുക എന്നതാണ് ഈ വിഭാഗത്തിൻെറ ചുമതല.

സെൻസസിൻെറ പ്രധാന ലക്ഷ്യങ്ങൾ :

1. കൈവശാനുഭവഭൂമിയുടെ ഘടനയും വിസ്തീർണ്ണവും സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുക.

2. ഭൂവിനിയോഗം, കാർഷികവിഭവങ്ങളുടെ വിസ്തീർണ്ണം. ജലസേചനസൗകര്യം തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുക.

3. വിത്ത്, വളം, കീടനാശിനികൾ, കാർഷിക ഉപകരണങ്ങൾ, കാർഷിക വായ്പ തുടങ്ങിയ കാർഷികോപാധികളുടെ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുക.

4. കാലിസമ്പത്തിനെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുക.

മുകളിൽ പ്രസ്താവിച്ച വിവരങ്ങൾ പൊതുവായും പട്ടികജാതി-പട്ടികവർഗ്ഗങ്ങൾക്കുവേണ്ടി പ്രത്യേകമായും തരം തിരിച്ച് ശേഖരിച്ച് അപഗ്രഥിക്കുന്നുണ്ട്.

1980-81-ലെ കാർഷിക സെൻസസിൻെറ റിപ്പോർട്ട് 1988 ഫെബ്രുവരിയിൽ പ്രസിദ്ധീകരിക്കുകയും കാർഷികോപാധികൾ സംബന്ധിച്ച് സർവേയുടെ 13 സെററ് പട്ടികകൾ തയ്യാറാക്കി കേന്ദ്ര ഗവൺമെൻറിന് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. 1985-86-ലെ കാർഷിക സെൻസസും 1986-87-ലെ കാർഷികോപാധികൾ സംബന്ധിച്ച് സർവേയും പൂർത്തിയായിട്ടുണ്ട്. ഓപ്പറേഷണൽ ഹോൾഡിംഗ്സിൻെറ എണ്ണവും അവയുടെ വിസ്തീർണ്ണവും സംബന്ധിച്ച താൽക്കാലിക കണക്കുകൾ കേന്ദ്രസംസ്ഥാന സർക്കാരുകൾക്ക് സമർപ്പിച്ചു. വിവരങ്ങൾ ശേഖരിച്ച ഷെഡ്യൂളുകളുടെ സൂക്ഷ്മപരിശോധനയും കോഡിംഗും എല്ലാ ജില്ലയിലും പൂർത്തിയാക്കി.

പൊതുവില ശേഖരിക്കൽ :

അവശ്യസാധനങ്ങളുടെ ദൈനംദിന വില സംസ്ഥാനത്തിലെ എല്ലാ ജില്ലാ തലസ്ഥാനങ്ങളിൽനിന്നും ടെലക്സ്/ടെലഫോൺ മുഖേന ശേഖരിച്ച് ക്രോഡീകരിച്ച് അടുത്ത ദിവസം തന്നെ ഗവൺമെൻറിലേയ്ക്കും വിവിധ ഏജൻസികൾക്കും അയച്ചുകൊടുക്കുന്നു. വിലയുടെ പ്രവണതയെ കാണിക്കുന്ന പ്രതിമാസ റിപ്പോർട്ട് തയ്യാറാക്കി ഗവൺമെൻറിന് നൽകി.

കേന്ദ്രസർക്കാരിൻെറ നിർദ്ദേശപ്രകാരം തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മൂന്ന് ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും എല്ലാ വെള്ളിയാഴ്ചയും അവശ്യസാധനങ്ങളുടെ ചില്ലറവിലയും കൂടാതെ മാസാവസാന വെള്ളിയാഴ്ചത്തെ മുഖ്യമായ അക്ഷ്യസാധനങ്ങളുടെ വിലയും ശേഖരിച്ച് സൂക്ഷ്മപരിശോധന നടത്തി പൂരിപ്പിച്ച ഫാറങ്ങൾ കേന്ദ്രസർക്കാറിൻെറ ഡയറക്ടറേററ് ഓഫ് എക്ണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ്, കൃഷി മന്ത്രാലയത്തിലേയ്ക്ക് അയച്ചുകൊടുത്തുവരുന്നു.

താഴെ പറയുന്ന 15 തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിലെ ഉപഭോക്തൃവില സൂചിക എല്ലാ മാസവും തയ്യാറാക്കി ഗസററിൽ വിജ്ഞാപനം ചെയ്തു വരുന്നു.

1 തിരുവനന്തപുരം
2 കൊല്ലം
3 പുനലൂർ
4 ആലപ്പുഴ
5 കോട്ടയം
6 മുണ്ടക്കയം

7 മൂന്നാർ
8 എറണാകുളം
9 ചാലക്കുടി
10 തൃശ്ശൂർ
11 പാലക്കാട്
12 കോഴിക്കോട്
13 മലപ്പുറം
14 മേപ്പാടി
15 കണ്ണൂർ

ഉപഭോക്തൃവില സൂചിക കാണിക്കുന്ന സ്റേറററുമെൻറുകാം അവയുടെ ഗുണഭോക്താക്കളായ പ്രധാനപ്പെട്ട സർക്കാർ, അർദ്ധസർക്കാർ പൊതുമേഖല-സ്വകാര്യസ്ഥാപനങ്ങാംക്കും വ്യക്തികാംക്കും നേരിട്ട് അയച്ചുകൊടുക്കുന്നു.

ആലപ്പുഴ, ആലുവ, മുണ്ടക്കയം എന്നീ കേന്ദ്രങ്ങളിൽ നിന്ന് 1960 അടിസ്ഥാനവർഷമായുള്ള വിലസൂചിക കണക്കാക്കുന്നതിനുള്ള നിർദ്ദിഷ്ട സാധനങ്ങളുടെ വാരാന്ത്യവിലകാം ശേഖരിച്ച് ലേബർ ബ്യൂറോയ്ക്ക് അയച്ചു കൊടുത്തു.

ആരോഗ്യം, നാട്ടുചികിത്സ, ഹോമിയോ, ജയിൽ, ഇ. എസ്. ഐ. സാമൂഹ്യക്ഷേമം, മൃഗശാല തുടങ്ങി വിവിധ വകുപ്പുകാംക്ക് ദർഘാസ് കരാറുകളുടെ തീർപ്പുകാം സംബന്ധിച്ച തീരുമാനങ്ങാംക്കായി ഭക്ഷ്യസാധനങ്ങളുടെയും മററു അത്യാവശ്യ സാധനങ്ങളുടെയും കമ്പോളവില സംസ്ഥാനത്തെ എല്ലാ താലൂക്കുകളിൽ നിന്നും ശേഖരിച്ച് നൽകിവരുന്നുണ്ട്. ഭക്ഷ്യസാധനങ്ങളുടെ വില ശേഖരണം റിപ്പോർട്ടുവർഷത്തിലെ ജനുവരി, ഏപ്രിൽ, ജൂലൈ, ഒക്ടോബർ എന്നീ നാല് ത്രൈമാസികത്തിൻെറയും ആദ്യവെള്ളിയാഴ്ചതോറും നടത്തി. കൂടാതെ ഓരോ വകുപ്പിനും ആവശ്യമായ നിർദ്ദിഷ്ട സാധനങ്ങളുടെ കമ്പോള വില ജനുവരി മാസം ശേഖരിച്ച് നൽകുന്നുണ്ട്. പ്രസ്തുത വിലവിവരങ്ങാം ജില്ലാമെഡിക്കൽ ആഫീസുകാം, ആരോഗ്യവകുപ്പ് ഡയറക്ടറേററ്, മെഡിക്കൽ കോളേജുകാം, ക്ഷയരോഗാശുപത്രികാം, കുഷ്ഠരോഗാശുപത്രികാം, ഇ. എസ്. ഐ. ആശുപത്രികാം, ജയിൽ ഇൻസ്പെക്ടർ ജനറൽ, പട്ടാളമേധാവികളുടെ ഓഫീസുകാം, മാനസികാശുപത്രികാം തുടങ്ങിയവയ്ക്ക് അയച്ചു കൊടുത്തു. കൂടാതെ വിലവിവരങ്ങാം എല്ലാ സ്ഥാപനങ്ങാംക്കും വകുപ്പുകാംക്കും അവയുടെ അപേക്ഷാനുസരണം അയച്ചു കൊടുത്തു.

ആയുർവേദകോളേജുകളുടെ ആവശ്യപ്രകാരം ആയുർവേദ മരുന്നുകാം ഉണ്ടാക്കുന്നതിനാവശ്യമായ ഫലങ്ങാം, ഇലകാം, വേരുകാം, ക്ഷാരങ്ങാം തുടങ്ങിയവയുടെ കമ്പോള വിലയും ശേഖരിച്ച് അയച്ചുകൊടുത്തു.

**വനവിഭവങ്ങളുടെ വില ശേഖരിക്കൽ:**

18 ഇനം വനവിഭവങ്ങളുടെ വില കൊല്ലം, കോട്ടയം, എറണാകുളം, കോഴിക്കോട് എന്നീ കേന്ദ്രങ്ങളിൽ നിന്നും മാസംതോറും ശേഖരിച്ച് സൂക്ഷ്മ പരിശോധന നടത്തി ക്രോഡീകരിച്ച് ഓരോ ത്രൈമാസികത്തിലും ഫോറസ്ററ് ഡിപ്പാർട്ടുമെൻറിലേക്കു നൽകി.

**മാർക്കററ് ഇൻറലിജൻസ് പദ്ധതി:**

കമ്പോളവിലനിലവാരം, കമ്പോളവരവ് തുടങ്ങിയവയെപ്പററിയുള്ള വിവരങ്ങാം പ്രാഥമികോൽപ്പാദകർക്ക് കൃത്യസമയത്തു നൽകുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശം. സംസ്ഥാനത്തെ പ്രധാനപ്പെട്ട 38 വ്യാപാര

കേന്ദ്രങ്ങളിൽ ഈ പദ്ധതി നിലവിലുണ്ട്. വില റിപ്പോർട്ട് ചെയ്യുന്ന കേന്ദ്രങ്ങളുടെ പ്രവർത്തനത്തിന് അതതു ജില്ല ഡെപ്യൂട്ടി ഡയറക്ടർമാരും ജില്ലാ ഓഫീസർമാരും കോഴിക്കോട്ടും തിരുവനന്തപുരത്തുമുള്ള രണ്ട് റീജിയണൽ സ്ററാററിസ്ററിക്കൽ ഓഫീസർമാരും മേൽനോട്ടം വഹിച്ചു.

ഇടുക്കി, പത്തനംതിട്ട, വയനാട്, കാസർഗോഡ് എന്നീ ജില്ലകൾ ഒഴിച്ച് മറെറല്ലാ ജില്ലാ തലസ്ഥാനങ്ങളിലെയും വില ശേഖരണപ്രവർത്തനം, അതിനു വേണ്ടിമാത്രം നിയമിച്ചിട്ടുള്ള പ്രൈസ് ഇൻസ്പെക്ടർമാർ നിർവ്വഹിച്ചു. കൂടാതെ ചങ്ങനാശ്ശേരി, കൊച്ചി എന്നീ കേന്ദ്രങ്ങളിലും പ്രൈസ് ഇൻസ്പെക്ടറുടെ തസ്തികയിലുള്ള സ്ററാററിസ്ററിക്കൽ ഇൻസ്പെക്ടർമാർ ഈ ജോലി നിർവ്വഹിച്ചുവന്നു. എന്നാൽ കടയ്ക്കൽ, ഇരിങ്ങാലക്കുട, കൊടുങ്ങല്ലൂർ, കുന്നംകുളം, വളപട്ടണം എന്നിവിടങ്ങളിൽ 5 പാർട്ടൈം പ്രൈസ് റിപ്പോർട്ടർമാരും ബാക്കികേന്ദ്രങ്ങളിൽ താലൂക്ക് സ്ററാററിസ്ററിക്കൽ ഓഫീസിലുള്ള ഇൻവെസ്ററിഗേററർമാരും ഈ കൃത്യനിർവ്വഹണത്തിൽ ഏർപ്പെട്ടിരുന്നു.

തിരുവനന്തപുരം മേഖലയിൽ 27-ം കോഴിക്കോട് മേഖലയിൽ 11-ം കേന്ദ്രങ്ങളിലെ കമ്പോളവില നിലവാരബുള്ളററിൻ തയ്യാറാക്കി ദിവസേന ആകാശവാണിയുടെ തിരുവനന്തപുരം, കോഴിക്കോട് നിലയങ്ങളിൽകൂടി ഗ്രാമരംഗത്തിലോ, കാർഷികരംഗത്തിലോ ഉൾപ്പെടുത്തി പ്രക്ഷേപണം ചെയ്തുവന്നു.

## പ്രതിവാര കമ്പോളനിലവാരാവലോകനം:

തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിലെ പ്രധാനപ്പെട്ട കാർഷിക വിഭവങ്ങളുടെ കമ്പോളനിലവാരാവലോകനം എല്ലാ ഞായറാഴ്ചയും വൈകുന്നേരം ആകാശവാണിയിലൂടെ മലയാളത്തിൽ പ്രക്ഷേപണം ചെയ്തുവന്നു.

## അരിയുടെ തുറന്ന കമ്പോളവിലയെക്കുറിച്ചുള്ള പ്രതിദിന റിപ്പോർട്ട്:

എല്ലാ ജില്ലാതലസ്ഥാനങ്ങളിലും നിലവിലുള്ള അരിയുടെ തുറന്ന കമ്പോളവിലയെകുറിക്കുന്ന പ്രതിദിന റിപ്പോർട്ട് തയ്യാറാക്കി കേന്ദ്രസർക്കാരിനും സംസ്ഥാന റവന്യൂബോർഡിലെ സിവിൽസപ്ലൈസ് അധികൃതർക്കും അയച്ചുവരുന്നു. ഇത് കൂടാതെ പാലക്കാട് കേന്ദ്രത്തിലെ അരിയുടെ തുറന്ന കമ്പോളവിലയെക്കുറിച്ചുള്ള പ്രതിവാര റിപ്പോർട്ട് തയ്യാറാക്കി റിസർവ് ബാങ്കിന് നൽകിവരുന്നു. ഇവയ്ക്കെല്ലാമുപരിയായി ഈ പദ്ധതിയനുസരിച്ച് മൊത്തവിലയെ സംബന്ധിക്കുന്ന പല വിവരങ്ങളും കേന്ദ്രസംസ്ഥാന സ്ഥാപനങ്ങൾക്ക് അവയുടെ ആവശ്യാനുസരണം ലഭ്യമാക്കിയിട്ടുണ്ട്.

## ഇൻഡക്സ് സീരീസ് വിഭാഗം (കാർഷിക ധനസംബന്ധം):

കാർഷികോൽപ്പന്നങ്ങളുടെ മൊത്തവില സൂചിക, കാർഷിക വിഭവങ്ങളിൽ നിന്നുള്ള വരുമാനവും അവയ്ക്കുവേണ്ടിവരുന്ന ചെലവും തമ്മിലുള്ള താരതമ്യപഠന സൂചിക, കാർഷികവേതന സൂചിക, കാർഷികമേഖലകളെ സംബന്ധിച്ച ഏഴ് സൂചികകൾ എന്നിവ തയ്യാറാക്കി പ്രസിദ്ധീകരിച്ചു.

## കാർഷികോൽപ്പന്നങ്ങളുടെ മൊത്തവില സൂചിക:

പ്രധാനപ്പെട്ട 17 കാർഷികോൽപ്പന്നങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള കേന്ദ്രങ്ങളിൽ നിന്നും ശേഖരിക്കുന്ന മൊത്തവിലയെ അടിസ്ഥാനമാക്കി ഈ സൂചിക തയ്യാറാക്കി. 1952-53 അടിസ്ഥാന വർഷമായി സ്വീകരിച്ചാണ് മാസംതോറും ഈ മൊത്തവില സൂചിക തയ്യാറാക്കിയത്.

**കാർഷിക വിഭവങ്ങളിൽനിന്നുള്ള വരുമാനവും അവയ്ക്കുവേണ്ടിവരുന്ന ചെലവുകളും തമ്മിലുള്ള താരതമ്യപഠന സൂചിക:**

1952-53 അടിസ്ഥാനവർഷമാക്കി കർഷകരുടെ സാമ്പത്തിക നില കാർഷികോൽപന്നങ്ങളുടെ വില, അവയ്ക്കുവേണ്ടിവരുന്ന ചെലവുകൾ, ഗാർഹിക ചെലവുകൾ എന്നിവ കണക്കാക്കി അവയും കർഷകരുടെ ഇപ്പോഴത്തെ സാമ്പത്തിക നിലയും തമ്മിൽ താരതമ്യപ്പെടുത്തുന്ന പ്രതിമാസ സൂചിക തയ്യാറാക്കി.

**കാർഷികവേതന സൂചിക:**

സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട വിവിധ കേന്ദ്രങ്ങളിൽ നിന്നും ശേഖരിക്കുന്ന കാർഷിക വേതനത്തിന്റെ കണക്ക് ഇൻഡ്യാ ഗവൺമെന്റിന്റെ എക്കണോമിക്സ് ആന്റ് സ്ററാററിസ്ററിക്സ് അഡൈ്വസർക്ക് അയച്ചുകൊടുക്കുകയും കേരളാ ഗസററിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തുവന്നു. കർഷകത്തൊഴിലാളികളുടെയും വിദഗ്ദ്ധ തൊഴിലാളികളുടെയും പ്രതിമാസ വേതന സൂചിക 1952-53 അടിസ്ഥാന വർഷമായി സ്വീകരിച്ച് തയ്യാറാക്കി കൃത്യമായി ഇൻഡ്യാ ഗവൺമെന്റിന് അയച്ചുകൊടുത്തു.

**കാർഷികമേഖലയെ സംബന്ധിച്ച സൂചനകൾ:**

വിളകളുടെ വിസ്തീർണ്ണം, ഉൽപ്പാദനം, ഉൽപ്പാദനക്ഷമത, വിളവ് കൃഷിരീതി, വിളകളുടെ ഞെരുക്കം, കൃഷിയിറക്കിയ എല്ലാ സ്ഥലങ്ങളുടെയും കൂടിയുള്ള വിസ്തീർണ്ണം തുടങ്ങി കൃഷിയെ സംബന്ധിച്ച പ്രധാന സൂചികകൾ 1986-87 വരെ തയ്യാറാക്കി.

**പൊതുവില ശേഖരിക്കൽ വിഭാഗത്തിന്റെ മററു ചുമതലകൾ:**

1. തൊണ്ടോടുകൂടിയ നാളികേരത്തിന്റെ ദൈ്വവാരിക തോട്ടവില ശേഖരിച്ച് എറണാകുളത്തുള്ള നാളികേര വികസന ബോർഡ് ചെയർമാന് അയച്ചുകൊടുത്തു.

2. പ്രധാനപ്പെട്ട 9 കാർഷികോൽപ്പന്നങ്ങളുടെ വാർഷിക ശരാശരിവില തിട്ടപ്പെടുത്തി ന്യൂഡൽഹിയിലുള്ള എക്കണോമിക്സ് ആന്റ് സ്ററാററിസ്ററിക്കൽ അഡൈ്വസർക്ക് അയച്ചുകൊടുത്തു.

3. കയറിന്റെയും തൊണ്ടിന്റെയും പ്രതിവാരവില തയ്യാറാക്കി എറണാകുളത്തുള്ള കയർ ബോർഡ് സെക്രട്ടറിയെ അറിയിച്ചു.

4. കയറിന്റതന്നെ പ്രതിമാസ വിലനിലവാരം കേരളാ ഗസററിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി ഗവൺമെന്റ് പ്രസിലേക്ക് നൽകി.

5. കാർഷിക വിഭവങ്ങളുടെ വിലവിവരങ്ങൾ ആവശ്യപ്രകാരം പൊതുജനങ്ങൾക്ക് നൽകിവരുന്നുണ്ട്.

6. കേന്ദ്രവ്യവസായ മന്ത്രാലയത്തിലെ എക്കണോമിക്സ് അഡൈ്വസർ പ്രസിദ്ധം ചെയ്തുവരുന്ന 1970-71 അടിസ്ഥാന വർഷമായുള്ള മൊത്തവില സൂചിക (എല്ലാ സാധനങ്ങളുടെയും) ആവശ്യപ്പെടുന്നതനുസരിച്ച് സർക്കാർ, അർദ്ധ സർക്കാർ, പൊതു-സ്വകാര്യമേഖലാ സ്ഥാപനങ്ങൾ, വ്യക്തികൾ, കരാറുകാർ എന്നിവർക്കെല്ലാം നൽകിവരുന്നു.

7. അരി, ഗോതമ്പ്, പഞ്ചസാര എന്നിവയുടെ പ്രതിവാര കമ്പോള മൊത്തവില ശേഖരിച്ച് ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യാ റീജിയണൽ മാനേജർക്ക് ആഴ്ചതോറും അയച്ചുകൊടുത്തു.

8. കെ. എൽ. ആർ. ആക്ട് സെക്ഷൻ 43 പ്രകാരം ജില്ലാ കളക്ടർമാരുടെ അഭ്യർത്ഥനാനുസരണം എല്ലാ താലൂക്കിലുമുള്ള പ്രധാനപ്പെട്ട കാർഷികോൽപ്പന്നങ്ങളുടെ പ്രതിമാസ ശരാശരിവില തിട്ടപ്പെടുത്തി . എല്ലാ ത്രൈമാസികത്തിലും സംസ്ഥാനത്തെ ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്.

കാർഷിക വിളകളുടെ ചില്ലറവില:

സംസ്ഥാനത്തെ എല്ലാ താലൂക്കുകളിൽനിന്നും പ്രധാനപ്പെട്ട 27 കാർഷിക വിഭവങ്ങളുടെ പ്രതിമാസ ചില്ലറവില ശേഖരിച്ച് കേരളാ ഗസററിൽ പ്രസിദ്ധപ്പെടുത്തി.

സംസ്ഥാനവരുമാനം നിർണ്ണയിക്കൽ:

ആവശ്യമായ വിവരങ്ങൾ വിവിധ മേഖലകളിൽനിന്നും ശേഖരിച്ച് സംസ്ഥാന വരുമാനം തിട്ടപ്പെടുത്തുന്നതിനുവേണ്ടി ഒരു യൂണിററ് പ്രവർത്തിക്കുന്നുണ്ട്.

സെൻട്രൽ സ്ററാററിസ്ററിക്കൽ ഓർഗനൈസേഷൻ നടത്തിയ 6 ദിവസത്തെ ട്രെയിനിംഗിൽ ഡയറക്ടർ, റിസർച്ച് ഓഫീസർമാർ എന്നിവർ പങ്കെടുത്തു.

മുനിസിപ്പാലിററികളിലേയും സിററി കോർപ്പറേഷനുകളിലേയും 1980-81, 1981-82 എന്നീ വർഷങ്ങളിലെ വാർഷിക ബഡ്ജററിലെ സാമ്പത്തിക തരംതിരിക്കൽ കണക്ക് സംബന്ധിച്ചുള്ള ഒരു റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തി.

സംസ്ഥാന സർക്കാരിൻെറ 1986-87 വർഷത്തെ ബഡ്ജററിൻെറ ലക്ഷ്യോന്മുഖമായി ഇനം തിരിച്ചുള്ള കണക്കുകൾ സംബന്ധിച്ചും സാമ്പത്തിക തരംതിരിക്കൽ സംബന്ധിച്ചുമുള്ള റിപ്പോർട്ടുകൾ തയ്യാറാക്കി സെൻട്രൽ സ്ററാററിസ്ററിക്കൽ ഓർഗനൈസേഷന് അയച്ചുകൊടുത്തിട്ടുണ്ട്.

1980-81 അടിസ്ഥാന വർഷമായി കണക്കാക്കിയുള്ള പുതിയ പരമ്പരയിൽ സംസ്ഥാനവരുമാനം തിട്ടപ്പെടുത്തുന്നതിനുള്ള ഒരു പരിശീലന ക്ലാസ് 14-7-1988 മുതൽ 19-7-1988 വരെ ഡൽഹിയിൽവച്ച് നടക്കുകയുണ്ടായി. അതിൽ അഡീഷണൽ ഡയറക്ടറും റിസർച്ച് ഓഫീസറും പങ്കെടുത്തു.

പുതിയ പരമ്പരയിൽ 1980-81 മുതൽ 1985-86 വരെയുള്ള സംസ്ഥാന വരുമാനം സംബന്ധിച്ച് കേന്ദ്രഗവൺമെൻറും സംസ്ഥാന ഗവൺമെൻറും തയ്യാറാക്കിയ തനതു വർഷവിലയിലുള്ള എസ്ററിമേററുകളുടെ ഡൽഹിയിൽ വെച്ച് നടന്ന ചർച്ചയിൽ കേന്ദ്രനിർദ്ദേശാനുസരണം സ്റേററ് ഇൻകം ഡിവിഷനിലെ ഓഫീസർമാർ 9-11-1988 മുതൽ 11-11-1988 വരെ പങ്കെടുക്കുകയും ഉഭയകക്ഷി തീരുമാനമനുസരിച്ച് എസ്ററിമേററുകളിൽ വേണ്ട മാററങ്ങൾ വരുത്തുകയും ചെയ്തു.

1970-71 മുതൽ 1984-85 സാമ്പത്തികവർഷം വരെയുള്ള തനതു വർഷവിലയിലും അടിസ്ഥാനവർഷ വിലയിലും ജില്ലാടിസ്ഥാനത്തിൽ യഥാർത്ഥ വരുമാനവും ആളോഹരി വരുമാനവും കണക്കാക്കി വിവിധപട്ടികകൾ ഉൾക്കൊള്ളിച്ചിട്ടുള്ള ജില്ലാതല റിപ്പോർട്ട് നടപ്പുവർഷത്തിൽ പ്രസിദ്ധപ്പെടുത്തി.

ജനനമരണ സ്ഥിതിവിവരക്കണക്ക് ശേഖരിക്കൽ:

• പട്ടണപ്രദേശത്തെ സ്ഥിരതാമസക്കാരുടെ ജനനമരണ നിരക്കിൻമേലുള്ള പഠനം (സ്പോട്ട് ചെക്ക് സർവേ) മരണകാരണങ്ങൾ വ്യക്തമാക്കുന്നതിന് മെഡിക്കൽ ഓഫീസർ നൽകിയിട്ടുള്ള സർട്ടിഫിക്കററിൻമേലുള്ള പഠനം, മരണകാരണങ്ങളെക്കുറിച്ച് ഗ്രാമപ്രദേശങ്ങളിൽ നടത്തുന്ന സർവേ എന്നീ പദ്ധതികളാണ് തുടർന്നു വന്നത്. വിവിധ പ്രദേശങ്ങളിലെ ജനനമരണ നിരക്കുകളും മരണകാരണങ്ങളും കൃത്യമായി കണക്കാക്കുന്നതിനുവേണ്ടി യാണിത് നടത്തിയത്.

സിവിൽ രജിസ്ട്രേഷൻ:

1969-ലെ ജനനമരണ രജിസ്ട്രേഷൻ ആക്ററ് അനുസരിച്ച് കോർപ്പറേഷനുകളിലും മുനിസിപ്പാലിററികളിലും പഞ്ചായത്തുകളിലും നിയമിച്ചിട്ടുള്ള രജിസ്ട്രാർമാർ ജനനമരണങ്ങൾ രജിസ്ററർ ചെയ്തു. ഇവിടങ്ങളിൽനിന്നും കിട്ടുന്ന ജനനമരണവിവരങ്ങൾ ക്രോഡീകരിച്ചുള്ള ഒരു സംസ്ഥാന റിപ്പോർട്ട് ജില്ലാ അടിസ്ഥാനത്തിൽ തയ്യാറാക്കി മാസ തോറും രജിസ്ട്രാർ ജനറലിന് അയച്ചു.

1983 മുതൽ 1985 വരെയുള്ള ജനനമരണ നിരക്ക്

| | 1983 | | 1984 | | 1985 | |
|---|---|---|---|---|---|---|
| | ജനന നിരക്ക് | മരണ നിരക്ക് | ജനന നിരക്ക് | മരണ നിരക്ക് | ജനന നിരക്ക് | മരണ നിരക്ക് |
| സംസ്ഥാനമൊത്തം | 20.57 | 4.50 | 20.32 | 4.47 | 21.38 | 4.88 |
| പട്ടണപ്രദേശം | 62.94 | 10.72 | 63.71 | 10.43 | 66.04 | 10.84 |
| ഗ്രാമപ്രദേശം | 14.25 | 3.57 | 13.76 | 3.57 | 14.65 | 3.98 |

മരണകാരണത്തെ സംബന്ധിച്ച സർവ്വേ:

ഗ്രാമപ്രദേശങ്ങളിൽ ഉണ്ടാകുന്ന മരണങ്ങളും അവയുടെ കാരണങ്ങളും ശേഖരിക്കുന്നതിനുള്ളതാണീ പദ്ധതി. സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി തെരഞ്ഞെടുക്കപ്പെട്ട 50 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. സർവ്വേയ്ക്കുവേണ്ട വിവരങ്ങൾ ആരോഗ്യവകുപ്പിലെ പാരാമെഡിക്കൽ ജീവനക്കാർ ശേഖരിച്ചു. സെൻസസ് ഡയറക്ടറേററിലെ സൂപ്പർവൈസർ ആരോഗ്യ കേന്ദ്രങ്ങൾ സന്ദർശിച്ച് ബന്ധപ്പെട്ട ജീവനക്കാർക്കു വേണ്ടി നിർദ്ദേശങ്ങൾ നൽകി. സർവേ നടത്തുന്ന കേന്ദ്രങ്ങളിലെ മെഡിക്കൽ ഓഫീസർമാർക്കും പാരാമെഡിക്കൽ ജീവനക്കാർക്കും ഈ വകുപ്പിലെ ഓഫീസർമാരും സെൻസസ് വകുപ്പിലെ സൂപ്പർവൈസറും ചേർന്ന് വാർഷിക ട്രെയിനിംഗ് നൽകുകയുണ്ടായി.

സ്പോട്ട്ചെക്ക് സർവ്വേ:

പട്ടണപ്രദേശത്തിലെ സ്ഥിരതാമസക്കാരുടെ ജനനമരണങ്ങൾ കൃത്യമായി അറിയുന്നതിനുവേണ്ടി നടത്തുന്ന സർവ്വേയാണിത്. സംസ്ഥാനത്തെ മൂന്നു കോർപ്പറേഷനുകളിലും മുപ്പത് മുനിസിപ്പാലിററികളിലും ഗുരുവായൂർ ടൗൺഷിപ്പിലും ഇതിനായി ഓരോ യു. ഡി. കമ്പയിലർമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ മെഡിക്കൽ ആഫീസറുടെ സർട്ടിഫിക്കററിൻമേലുള്ള പഠനത്തിനായി മൂന്നു കോർപ്പറേഷനുകളിലും കൊല്ലം, ആലപ്പുഴ മുനിസിപ്പാലിററികളിലും ഓരോ ഡെപ്യൂട്ടി ഹെൽത്താഫീസറേയും ഓരോ റിസർച്ച് അസിസ്റ്റൻറുമാരേയും ഓരോ കമ്പയിലർമാരേയും നിയമിച്ചിട്ടുണ്ട്.

മൂന്നു കോർപ്പറേഷനുകളിലും മുപ്പത് മുനിസിപ്പാലിററികളിലും ഗുരുവായൂർ ടൗൺഷിപ്പിലും തെരഞ്ഞെടുത്ത വാർഡുകളിലെ വീടുകൾ സന്ദർശിച്ച് രജിസ്ററർ ചെയ്തതും അല്ലാത്തതുമായ എല്ലാ ജനനമരണ വിവരങ്ങളും ശേഖരിച്ചു. ഇതിൻെറ അടിസ്ഥാനത്തിൽ ഓരോ മുനിസിപ്പാലിററിയിലേയും കോർപ്പറേഷനിലേയും യഥാർത്ഥ ജനനമരണ നിരക്കുകൾ കണക്കാക്കി 1986-ലെ വാർഷികറിപ്പോർട്ട് തയ്യാറാക്കിക്കഴിഞ്ഞിട്ടുണ്ട്.

## മരണകാരണങ്ങൾ വ്യക്തമാക്കുന്ന മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കററിൻ മേലുള്ള പഠനം:

സംസ്ഥാനത്തെ മൂന്നു കോർപ്പറേഷനുകളിലും കൊല്ലം, ആലപ്പുഴ മുനിസിപ്പാലിററികളിലും ആണ് ഈ പദ്ധതി നടപ്പാക്കിയിരിക്കുന്നത്. നടപ്പുവർഷത്തിലും തിരുവനന്തപുരം കോർപ്പറേഷനിലും ആലപ്പുഴ മുനിസിപ്പാലിററിയിലും ഡെപ്യൂട്ടി ഹെൽത്താഫീസറുടെ തസ്തിക ഒഴിഞ്ഞുകിടക്കുകയായിരുന്നു. മരണകാരണങ്ങൾ ഇൻറർ നാഷണൽ ക്ലാസിഫിക്കേഷൻ അനുസരിച്ച് കോഡ് ചെയ്ത 1986-ലെ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

## സാമ്പിൾ രജിസ്ട്രേഷൻ പദ്ധതി (ഗ്രാമപ്രദേശങ്ങളിൽ) :

കേരളത്തിൽ ഒട്ടാകെ 150 തെരഞ്ഞെടുക്കപ്പെട്ട ഗ്രാമങ്ങളിൽ എന്യൂമറേറർമാർ ജനനങ്ങളും മരണങ്ങളും കൃത്യമായി രജിസ്ററർ ചെയ്യുകയും മാസാന്ത്യ, ത്രൈമാസിക റിപ്പോർട്ടുകൾ അയച്ചുതരികയും അവയുടെ സംക്ഷേപം ഭാരതരജിസ്ട്രാർ ജനറലിന് അയച്ചു കൊടുക്കുകയും ചെയ്തിട്ടുണ്ട്. 44-ം 45-ം അർദ്ധ വാർഷികസർവ്വേയുടെ ഫലങ്ങളുംകൂടി അയച്ചുകൊടുത്തിട്ടുണ്ട്.

### 1986-ലെ ജനനമരണ നിരക്ക് :

| | |
|---|---|
| ജനന നിരക്ക് | 22.6 |
| മരണ നിരക്ക് | 6.0 |
| ശിശുമരണ നിരക്ക് | 28.6 |

## വ്യവസായ ഉല്പാദനസൂചിക :

24-7-1975-ലെ കേരള സർക്കാർ ഉത്തരവനുസരിച്ച് സംസ്ഥാനത്തെ വ്യവസായ വളർച്ച കണക്കാക്കാൻ വ്യാവസായികോല്പാദന സൂചിക ആരംഭിച്ചു. സെൻട്രൽ സ്ററാററിസ്ററിക്കൽ ഓർഗനൈസേഷനാണ് ഈ സൂചിക തയ്യാറാക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നത്. ത്രൈമാസിക ഉല്പാദന സൂചികകൾ തയ്യാറാക്കി വാർഷികമായി പ്രസിദ്ധീകരിക്കുന്നു. പൊതു സൂചിക 1970-ൽ 100 എന്ന അടിസ്ഥാനത്തിലാണ് 1975 മുതൽ സൂചിക തയ്യാറാക്കിക്കൊണ്ടിരിക്കുന്നത്. 30-6-1987, 30-9-1987, 31-12-1987, 30-3-1988 എന്നീ ത്രൈമാസിക സൂചികകളും 1987-88 വാർഷിക സൂചികയും ഈ കാലയളവിൽ തയ്യാറാക്കിയിട്ടുണ്ട്. പൊതുസൂചിക 1980-ൽ 100 എന്ന അടിസ്ഥാനത്തിൽ ആക്കാനുള്ള മാർഗ്ഗനിർദ്ദേശം സെൻട്രൽ സ്ററാററിസ്ററിക്കൽ ഓർഗനൈസേഷനിൽനിന്നും ലഭിച്ചതനുസരിച്ച് 1988-89 മുതലുള്ള ഉല്പാദനം ശേഖരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

കയററുമതി ഇറക്കുമതി:

കൊച്ചി തുറമുഖംവഴി വിദേശരാജ്യങ്ങളുമായി നടത്തുന്ന കയററുമതി ഇറക്കുമതിയുടെ ദൈനംദിന സ്ഥിതിവിവരക്കണക്കുകൾ കസ്ററംസ് കളക്ടർ ഓഫീസിൽനിന്നും ശേഖരിച്ച് ക്രോഡീകരിച്ച് വാർഷിക റിപ്പോർട്ടുകളായി പ്രസിദ്ധപ്പെടുത്തുന്നു. 1986-87-ൽ സംസ്ഥാനത്തിലെ കടൽ മർഗ്ഗ കയററുമതി ഇറക്കുമതിയെക്കുറിച്ചുള്ള വിവരങ്ങൾ സമാഹരിച്ച് തയ്യാറാക്കുകയും 1987-88-ലെ വിവരങ്ങൾ സമാഹരിക്കുന്നതിനുള്ള പ്രാരംഭജോലികൾ ആരംഭിക്കുകയും ചെയ്തു.

വ്യവസായ ഉല്പന്നമൊത്തവില നിലവാര സൂചിക:

വ്യവസായ ഉല്പന്നങ്ങളുടെ മൊത്തവിലയിൽ ഉണ്ടായിട്ടുള്ള മാററങ്ങൾ കണക്കാക്കാൻ മൊത്തവില നിലവാരസൂചിക തയ്യാറാക്കുന്നു. പ്രതിമാസ വില ശേഖരിച്ച് വാർഷിക ശരാശരി തയ്യാറാക്കി മൊത്തവില നിലവാര സൂചികയായി പ്രസിദ്ധീകരിക്കുന്നു. സംഘടിത അസംഘടിത മേഖലകളിലെ വിലകൾ പ്രത്യേകം പ്രത്യേകം തയ്യാറാക്കി പ്രസിദ്ധപ്പെടുത്തിവരുന്നു. 1987-88-ലെ മൊത്തവില നിലവാരസൂചിക ക്രോഡീകരിച്ച് തയ്യാറാക്കിക്കഴിഞ്ഞു.

മാനവശേഷിവിഭവ പഠനങ്ങൾ;

സാങ്കേതിക പരിജ്ഞാനം സിദ്ധിച്ച മാനവശക്തിയുടെ ലഭ്യതയേയും തൊഴിലവസരങ്ങളേയും സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ ആസൂത്രണത്തിനാവശ്യമായ സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ച് യഥാസമയം ലഭ്യമാക്കുകയും ബന്ധപ്പെട്ട തുറകളിൽ ആവശ്യമായ പഠനം നടത്തി റിപ്പോർട്ടുകൾ തയ്യാറാക്കി പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.

പൂർത്തിയാക്കിയ പഠനങ്ങൾ:

1. കൃഷി, ക്ഷീരവ്യവസായം, എഞ്ചിനീയറിംഗ്, മൃഗസംരക്ഷണം എന്നീ മേഖലകളിലെ സ്വയംതൊഴിൽ സംരംഭകരെപ്പററിയുള്ള പഠനം.

2. ചെറുകിട വ്യവസായ യൂണിററുകളിലെ നിക്ഷേപം, തൊഴിൽ സാദ്ധ്യത എന്നിവയെക്കുറിച്ചുള്ള പഠനം.

3. ഐ. ടി. ഐ. പഠനത്തിനുശേഷം ട്രേഡിനെ സംബന്ധിച്ച് സാങ്കേതിക പരിശീലനം നേടിയവരുടെ തൊഴിൽ സാദ്ധ്യതകളെപ്പററിയുള്ള പഠനം.

4. മാനവശേഷിയുടെ ആസൂത്രണത്തിനാവശ്യമായ സ്ഥിതിവിവരക്കണക്കുകൾ ഉൾക്കൊള്ളിച്ചുകൊണ്ട് "മാൻപവർ ഫാക്റ്റ്ബുക്ക് 1988" പ്രസിദ്ധീകരിച്ചു.

നടന്നുവരുന്ന പഠനങ്ങൾ:

1. ക്ഷീരവികസന വകുപ്പിൽനിന്നും ശാസ്ത്രീയ കാലിവളർത്തലിൽ പരിശീലനം ലഭിച്ച തൊഴിൽ രഹിതരായ യുവജനങ്ങളെക്കുറിച്ചുള്ള പഠനം.

2. എ. ഡി. 2000-ാമാണ്ടിൽ മൃഗചികിൽസയിൽ ബിരുദവും ബിരുദാനന്തര ബിരുദവും നേടുന്നവർക്കുള്ള തൊഴിൽ സാദ്ധ്യതയെപ്പററിയുള്ള പഠനം.

3. 1980 മാർച്ച് മാസം എസ്. എസ്. എൽ. സി. പരീക്ഷ പാസ്സായ വിദ്യാർത്ഥികളുടെ ഇന്നത്തെ പ്രവർത്തനത്തെപ്പററിയുള്ള പഠനം.

4. തൊഴിലധിഷ്ഠിത പരിശീലന സമ്പ്രദായത്തെപ്പററിയുള്ള പഠനം.

5. ഉൾനാടൻ കായലുകളിൽ മൽസ്യബന്ധനത്തിന് ആവശ്യമായ സാങ്കേതിക പരിശീലനം ലഭിച്ചവരുടെ ലഭ്യതയേയും ആവശ്യകതയേയും പററിയുള്ള പഠനം.

അതതു മാസത്തിൽ ചെയ്ത ജോലിയുടെ പുരോഗതി അവലോകനം ചെയ്യുന്നതിനായി മാൻപവർ ആഫീസർമാരും ബന്ധപ്പെട്ട വകുപ്പിലെ ഉദ്യോഗസ്ഥൻമാരും ചേർന്നുള്ള ഒരു സമ്മേളനം എല്ലാ മാസവും ആദ്യപക്ഷത്തിൽ കൂടുകയും അതിന്റെ നടപടിക്രമങ്ങൾ ബന്ധപ്പെട്ട വകുപ്പ് തലവൻമാർക്ക് അയച്ചു കൊടുക്കുകയും ചെയ്തുവന്നു

## ഇവാലുവേഷൻ:

സംസ്ഥാനത്തെ വിവിധ ജില്ലകളിൽ മണ്ണൊലിപ്പ് തടയുന്ന പദ്ധതിയനുസരിച്ച് ധനസഹായം ലഭിച്ചവരുടെ ധനവിനിയോഗം, ഉല്പാദന നിരക്കിൽ ഉണ്ടായിട്ടുള്ള മാററം, അധികമായി കൃഷിക്ക് ഉപയുക്തമായ ഭൂമിയുടെ വിസ്തൃതി മുതലായവയെക്കുറിച്ച് അറിയുന്നതിന് ആവശ്യമായ ഫാറങ്ങൾ തയ്യാറാക്കി അതത് ജില്ലകളിലേക്ക് അയച്ചു. പ്രസ്തുത പഠനത്തിന്റെ ആദ്യഘട്ടമായി ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ വിശദമായ സർവ്വേ പാലക്കാട് ജില്ലയിലും തിരുവനന്തപുരം ജില്ലയിലും പൂർത്തിയായി. റിപ്പോർട്ട് ഉടൻതന്നെ പ്രസിദ്ധീകരിക്കും.

## നാഷണൽ സാമ്പിൾ സർവ്വേ:

ഇൻഡ്യാ ഗവൺമെൻറിന്റെ സാമ്പിൾ സർവേ ഓർഗനൈസേഷൻ ആസൂത്രണത്തിനും ഭരണപരമായ ആവശ്യങ്ങൾക്കുമായി രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ വിവിധ വശങ്ങളെ സംബന്ധിക്കുന്ന സാമൂഹിക സാമ്പത്തികവിവരങ്ങൾ ശേഖരിക്കുന്നതിനുവേണ്ടി സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട സാമ്പിൾ വില്ലേജുകളിലും ടൗണുകളിലും സർവേ നടത്തിവരുന്നു.

1987-88-ലെ 43-ാം തവണ സാമ്പിൾ സർവേ പൂർത്തീകരിച്ചു. ഉപഭോഗ ചെലവ്, തൊഴിൽ, തൊഴിലില്ലായ്മ എന്നീ വിവരങ്ങൾ സർവേയിൽ ശേഖരിച്ചു. കൂടാതെ ഇൻഡ്യാ ഗവൺമെൻറിന്റെ വിനോദ സഞ്ചാരമന്ത്രാലയത്തിനു വേണ്ടി ജനങ്ങളുടെ സഞ്ചാരരീതികളെ (ട്രാവൽ ഹാബിററ്സ്) കുറിച്ചുള്ള വിവരങ്ങളും ശേഖരിച്ച് സൂക്ഷ്മപരിശോധനയ്ക്കുശേഷം ടൂറിസം ഡിപ്പാർട്ടുമെൻറിൽ അയച്ചുകൊടുത്തു.

തൊഴിൽനില, ആരോഗ്യപരിപാലനം, ജനനമരണം, ഗാർഹിക ഉപഭോഗം. ക്രിയാത്മക പ്രക്രിയകൾ, പട്ടികവർഗ്ഗക്കാരുടെ ജീവിത സാഹചര്യങ്ങൾ, അവരുടെ സാമ്പത്തിക പ്രവർത്തനങ്ങൾ പട്ടികവർഗ്ഗ അധിനിവേശ പ്രദേശങ്ങളിൽ പട്ടികവർഗ്ഗക്കാരനല്ലാത്തവരുടെ കുടിയേററം തുടങ്ങിയ വിവരങ്ങൾ 1988 ജൂലൈ മാസത്തിൽ ആരംഭിച്ച 44-ാം തവണ സാമ്പിൾ സർവേയിൽ ശേഖരിക്കുന്നുണ്ട്. കൂടാതെ താമസ സൗകര്യം, വീടിന്റെ പരിസരയോഗ്യത, കെട്ടിടനിർമ്മാണം, പുതുക്കൽ, കൂട്ടിച്ചേർക്കൽ തുടങ്ങിയുള്ള വിവരങ്ങളും സമാഹരിക്കുന്നുണ്ട്. ഈ സർവേ ആരംഭിക്കുന്നതിനു മുൻപ് ഇൻവെസ്ററിഗേറററർമാർ, സ്ററാററിസ്ററിക്കൽ ഇൻസ്പെക്ടർമാർ, ഡിസ്ട്രിക്ട് ആഫീസർ, ഡെപ്യൂട്ടി ഡയറക്ടർ എന്നിവർക്ക് 1988 ജൂൺ മാസത്തിൽ സംസ്ഥാന തലത്തിൽ മൂന്നു ദിവസത്തെ പരിശീലനം തിരുവനന്തപുരത്തുവച്ച് നടത്തി. ഈ ജോലി കൈകാര്യം ചെയ്യുന്ന റിസർച്ച് ആഫീസർമാർക്ക് 1988 ഡിസംബർ മാസത്തിൽ രണ്ടു ദിവസത്തെ സ്ക്രൂട്ടിണി പരിശീലനം നൽകുകയുണ്ടായി.

### ഡിസൈൻ, സർവേ ആൻറ് സ്ററഡീസ് വിഭാഗം:

സർവേകരം നടത്തുന്നതിനാവശ്യമായ സ്കീം, തയ്യാറാക്കുകയും ഷെഡ്യൂരം ഡിസൈൻ ചെയ്യുകയുമാണ് ഈ വിഭാഗത്തിൻെറ പ്രധാന ചുമതല. 1988-89-ൽ താഴെ പറയുന്ന സർവേകളുടെ രൂപരേഖ തയ്യാറാക്കി—

1. കയർത്തൊഴിലാളികളുടെ സെൻസസ്.

2. സംസ്ഥാനത്തെ വിവിധ ജനവിഭാഗങ്ങളുടെ സാമൂഹിക-സാമ്പത്തിക സ്ഥിതിയെക്കുറിച്ചുളള സർവേ.

3. ഗ്രാമ്പു, ജാതി, കറുവ എന്നീ സുഗന്ധവ്യഞ്ജനങ്ങളുടെ കൃഷിച്ചെലവിനെക്കുറിച്ചുളള സർവേ.

4. സാമൂഹ്യവനവൽക്കരണ പരിപാടിയെക്കുറിച്ചുളള ഒരു വിലയിരുത്തൽ സർവേ.

ഇതിൽ കയർ സർവേയ്ക്കും സാമൂഹ്യവനവൽക്കരണ സർവേയ്ക്കും സർക്കാരിൻെറ അനുമതി ലഭിക്കുകയും സർവേകളുടെ ഫീൽഡ് ജോലികരം പൂർത്തിയാക്കുകയും ചെയ്തു.

### ഔദ്യോഗികഭാഷാ വിഭാഗം;

ഭരണതലത്തിൽ ഔദ്യോഗികഭാഷ മലയാളം ആക്കുക എന്നതാണ് ഈ വിഭാഗത്തിൻെറ ചുമതല. ഈ വകുപ്പ് ഒരു സാങ്കേതികവിഭാഗം എന്ന നിലയിൽ പൂർണ്ണമായും മലയാളമാക്കുക സാദ്ധ്യമല്ല. എങ്കിൽപോലും താലൂക്ക് തലങ്ങളിൽ പൂർണ്ണമായും ജില്ലാതലങ്ങളിൽ ഭാഗികമായും മലയാളമാക്കുവാൻ സാധിച്ചിട്ടുണ്ട്. 1988 വർഷത്തെ പുരോഗതി അവലോകനം ചെയ്തതിൽ ഇടുക്കി ജില്ല പൂർണ്ണമായും പാലക്കാട്, മലപ്പുറം, വയനാട് എന്നീ ജില്ലകളിൽ ഗണ്യമായും പുരോഗതി കൈവരിച്ചിട്ടുണ്ട്. ആവശ്യമായ തോതിൽ മലയാളം ടൈപ്പ്റൈററർ ലഭിക്കുന്നതോടുകൂടി വളരെയേറെ പുരോഗതി കൈവരിക്കാൻ കഴിയും.

### ഏകോപനവിഭാഗം:

വിവിധ വകുപ്പുകളിൽ പ്രവർത്തിച്ചുവരുന്ന സ്ററാററിസ്ററിക്കൽ വിഭാഗങ്ങളുടെ പ്രവർത്തനം വിലയിരുത്തുകയും ഏകോപിപ്പിക്കുകയും ചെയ്യുക, അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് വേണ്ട സഹായങ്ങളും നിർദ്ദേശങ്ങളും നൽകുക, കാലാകാലങ്ങളിൽ യോഗങ്ങരം സംഘടിപ്പിക്കുക തുടങ്ങിയവയാണ് ഈ വിഭാഗത്തിൻെറ പ്രധാന ചുമതലകരം.

നടപ്പുവർഷത്തിൽ വിവിധ വകുപ്പുകളിലെ സ്ററാററിസ്ററിക്കൽ മേധാവികളുടെ യോഗം ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ 1988 മേയ് 26, 28, ജൂലൈ 26 എന്നീ തീയതികളിൽ വികാസ്ഭവനിൽവച്ച് നടത്തുകയുണ്ടായി. പ്രസ്തുത യോഗത്തിൽ അതതു വകുപ്പുകളിലെ പ്രവർത്തനങ്ങരം വിശദീകരിക്കുകയും ഭാവി പ്രവർത്തനങ്ങരം കൂടുതൽ മെച്ചപ്പെടുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങരം നൽകുകയും ചെയ്തു.

### മെക്കാനിക്കൽ ടാബുലേഷൻ:

1985-ലെ ജനനമരണക്കണക്കിൻെറ ടാബുലേഷൻ ജോലികരം പൂർത്തിയാക്കുകയും 1986-ലെ ടാബുലേഷൻ ജോലി നടത്തിവരികയും ചെയ്തു.

വ്യാവസായികസ്ഥിതി വിവരക്കണക്കു വിഭാഗം:

സംസ്ഥാനത്തിന്റെ സാമ്പത്തികവികസനത്തിന് വ്യാവസായികവികസനം ഒരനിവാര്യഘടകമാണ്. സമ്പദ്‌വ്യവസ്ഥയിൽ വ്യവസായ മേഖലയുടെ ക്രമാനുഗതമായ വികാസം, അതിന്റെ തോത്, മാതൃക, വേഗത എന്നിവ തിട്ടപ്പെടുത്തുന്നതിനാവശ്യമായ വിവരങ്ങൾ ശേഖരിക്കുക എന്നതാണ് ഈ വിഭാഗത്തിന്റെ പ്രധാന ചുമതല. കൂടാതെ സംഘടിത വ്യവസായമേഖലയിലെ മുടക്കുമുതൽ, വായ്പകൾ, പണിയെടുത്ത മൊത്തം തൊഴിലാളികൾ, അവരുടെ വേതനം, അസംസ്കൃത സാധനങ്ങളുടെ ഉപയോഗം, മൊത്തം വ്യാവസായിക ഉല്പാദന മൂല്യം എന്നീ വിശദാംശങ്ങളെക്കുറിച്ചുള്ള പഠനങ്ങളും നടത്തുന്നുണ്ട്. നാഷണൽ സാമ്പിൾ സർവേ (റിസർച്ച് ഓപ്പറേഷൻ ഡിവിഷൻ) നടത്തുന്ന വാർഷികവ്യവസായ സർവേയുടെ വിവരങ്ങൾ സമാഹരിച്ച് 1983-84 ലെ റിപ്പോർട്ട് തയ്യാറാക്കി. 1984-85-ലെ റിപ്പോർട്ട് പുരോഗമിച്ചുവരുന്നു.

തൊഴിൽ സ്ഥിതിവിവരക്കണക്ക് വിഭാഗം:

1948-ലെ ഫാക്ടറി നിയമപ്രകാരം 1986-ൽ രജിസ്റ്റർ ചെയ്ത ഫാക്ടറികളിൽനിന്നുള്ള വാർഷിക കണക്ക് പത്രികകൾ സൂക്ഷ്മപരിശോധന ചെയ്ത വാർഷിക റിപ്പോർട്ടും സ്റേറററുമെൻറും തയ്യാറാക്കി സിംലയിലെ ലേബർ ബ്യൂറോയ്ക്ക് അയച്ചുകൊടുത്തു. 1985-ൽ പ്രവർത്തനത്തിൽ ഏർപ്പെട്ടിരുന്ന ഫാക്ടറികൾ 11097-ം, 1986-ൽ 11530-ം ആയിരുന്നു. 3.9% വർദ്ധനവ് ഉണ്ടായി. എന്നാൽ 1985-ൽ 2.94 ലക്ഷം ജോലിക്കാരും 1986-ൽ 2.93 ലക്ഷം ജോലിക്കാരും ആണ് ഉണ്ടായിരുന്നത്. ഫാക്ടറികൾ കൂടിയെങ്കിലും ജോലിക്കാരുടെ എണ്ണം കുറയുകയാണുണ്ടായത്.

ലേബർ ബ്യൂറോയ്ക്ക് അയച്ചുകൊടുത്ത റിപ്പോർട്ടുകൾ താഴെ കൊടുക്കുന്നു.—

1. 1986-ൽ പ്രതിമാസം 1600 രൂപയ്ക്ക് താഴെ വരുമാനമുള്ള തൊഴിലാളികൾക്ക് ലഭിക്കുന്ന വേതനത്തെപ്പററിയും അവരിൽനിന്നും ഈടാക്കുന്ന തുകയെപ്പററിയും വിശദമായ വിവരങ്ങൾ ഫാക്ടറി-ബോയിലർ ഡയറക്ടറേററിൽ നിന്നും ശേഖരിച്ച് സൂക്ഷ്മപരിശോധന നടത്തി തയ്യാറാക്കിയ റിപ്പോർട്ട്.

2. ജില്ലാ ലേബർ ആഫീസർമാർ ശേഖരിച്ച് അയച്ചുതരുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ കേരളത്തിലെ ഫാക്ടറികളിലും തോട്ടങ്ങളിലും മററു സ്ഥാപനങ്ങളിലും ഉണ്ടായിട്ടുള്ള പണിമുടക്ക്, ലോക്കൗട്ട് എന്നിവയെ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ ഉൾക്കൊള്ളുന്ന പ്രതിമാസ റിപ്പോർട്ട്.

3. 1961-ലെ പ്രസവാനുകൂല്യ നിയമപ്രകാരം ഫാക്ടറികളിലേയും തോട്ടങ്ങളിലേയും സ്ത്രീതൊഴിലാളികൾക്ക് 1987-ൽ കൊടുത്തിട്ടുള്ള ആനുകൂല്യങ്ങളെ സംബന്ധിച്ചുള്ള റിപ്പോർട്ട്.

4. 1948-ലെ ഫാക്ടറി നിയമപ്രകാരം രജിസ്റ്റർ ചെയ്ത ഫാക്ടറികളിൽനിന്നും ലഭിച്ച 1987 ജൂൺമാസം 30-ാം തീയതികൊണ്ടവസാനിച്ച ആദ്യത്തെ അർദ്ധവാർഷിക കണക്ക് പത്രികകൾ സൂക്ഷ്മപരിശോധന നടത്തി തയ്യാറാക്കിയ റിപ്പോർട്ട്.

കൂടാതെ വാർഷിക കണക്ക് പത്രികകളെ ആധാരമാക്കി ജില്ല തിരിച്ച് തയ്യാറാക്കിയ 1986-ലെ ഫൈനലും, 1987-ലെ പ്രൊവിഷണലുമായ റിപ്പോർട്ട് സംസ്ഥാന പ്ലാനിംഗ് ബോർഡിന് അയച്ചുകൊടുത്തു.

ഭവന നിർമ്മാണവും വേതന ഘടനയും വിഭാഗം:

ഭവനനിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ചും അതിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികളെക്കുറിച്ചും വ്യാപാര-വാണിജ്യ മേഖലകളിൽ പ്രവർത്തിക്കുന്ന ജോലിക്കാരെക്കുറിച്ചുമുള്ള വേതനഘടനയെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് വിശകലനം ചെയ്ത് ആവശ്യാനുസരണമുള്ള പട്ടികകൾ തയ്യാറാക്കി ദേശീയ കെട്ടിടനിർമ്മാണ സംഘടനയ്ക്ക് അയച്ചുകൊടുക്കുകയും വേതനഘടനയെ സംബന്ധിച്ചുള്ള വിവരങ്ങൾ സംസ്ഥാന വരുമാന നിർണ്ണയവിഭാഗത്തിന് പഠനത്തിനായി നൽകുകയും ചെയ്തു.

ഭവന നിർമ്മാണം:

ഇൻഡ്യാ ഗവൺമെൻറിൻെറ നിയന്ത്രണത്തിലുള്ള കെട്ടിട നിർമ്മാണസംഘടനയുടെ നിർദ്ദേശപ്രകാരം സംസ്ഥാനത്തെ കെട്ടിട നിർമ്മാണത്തിലുള്ള പുരോഗതി അവലോകനം ചെയ്യുന്നതിനുവേണ്ടിയുള്ള സ്ഥിതിവിവരക്കണക്കുകൾ പട്ടണപ്രദേശങ്ങളിലും ശേഖരിക്കുന്നുണ്ട്.

കേരളത്തിലെ വിവിധ മുനിസിപ്പാലിററികളിൽ പണിയാൻ അനുവാദം കൊടുത്തതും പണി പൂർത്തിയാക്കിയതുമായ കെട്ടിടങ്ങളുടെ കണക്കുകൾ മുനിസിപ്പൽ ഡയറക്ടറേററിലുള്ള സ്ററാററിസ്ററിക്സ് വിഭാഗം ശേഖരിച്ച് ക്രോഡീകരിച്ച് പട്ടികകളാക്കി അയച്ചുതരുന്നുണ്ട്. 30-6-1987 വരെയുള്ള കാലഘട്ടത്തിൽ പണിയാൻ അനുവാദം നൽകിയ കെട്ടിടങ്ങളുടെ കണക്കുകൾ സൂക്ഷ്മപരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കി ദേശീയ കെട്ടിടനിർമ്മാണസംഘടനയ്ക്ക് അയച്ചുകൊടുത്തു.

സംസ്ഥാനത്തെ പൊതുമരാമത്തു വകുപ്പിലും ഭവന നിർമ്മാണ സംബന്ധമായ കണക്കുകൾ സ്ററാററിസ്ററിക്സ് വിഭാഗം ശേഖരിച്ച് അയച്ചുതരുന്നത് സൂക്ഷ്മപരിശോധനയ്ക്കുശേഷം റിപ്പോർട്ടാക്കി ദേശീയ കെട്ടിട നിർമ്മാണ സംഘടനയ്ക്ക് അയച്ചുകൊടുത്തു.

ഇതിനും പുറമെ കെട്ടിടനിർമ്മാണ വസ്തുക്കളുടെ വിലനിലവാരവും കെട്ടിടനിർമ്മാണ ജോലിക്കാരുടെ വേതന നിരക്കും സംബന്ധിച്ച വിവരങ്ങൾ എല്ലാ ജില്ലാ ആസ്ഥാനങ്ങളിൽനിന്നും ശേഖരിച്ച് പരിശോധനയ്ക്കുശേഷം ത്രൈമാസിക പട്ടികകളാക്കി ദേശീയ കെട്ടിടനിർമ്മാണ സംഘടനയ്ക്ക് അയച്ചു.

വേതന ഘടനാസർവേ:

സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഈ സർവേ നടത്തുന്നുണ്ട്. നഗരങ്ങളിലും ഗ്രാമങ്ങളിലുമുള്ള മൊത്തച്ചില്ലറ വ്യാപാര സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരുടെയും കെട്ടിടനിർമ്മാണ മേഖലയിൽ ജോലി ചെയ്യുന്ന വിവിധ വിഭാഗം തൊഴിലാളികളുടെയും വേതന നിരക്കുകൾ ശേഖരിക്കുകയാണ് ഈ സർവേയുടെ ഉദ്ദേശം. ഇപ്രകാരം ശേഖരിക്കുന്ന വിവരങ്ങൾ സംസ്ഥാന വരുമാനം നിർണ്ണയിക്കുന്നതിനും ഉപയോഗിക്കുന്നുണ്ട്. ശേഖരിക്കപ്പെടുന്ന വിവരങ്ങൾ സൂക്ഷ്മപരിശോധന ചെയ്ത് 1987–88-ലെ ത്രൈമാസ പട്ടികകൾ തയ്യാറാക്കി.

1971—ലെ നിർമ്മാണച്ചെലവിനെ അടിസ്ഥാനപ്പെടുത്തി തിരുവനന്തപുരം കേന്ദ്രത്തിൻെറ 1987-ലേക്കുള്ള കെട്ടിടനിർമ്മാണച്ചെലവിൻെറ സൂചിക തയ്യാറാക്കി ദേശീയ കെട്ടിടനിർമ്മാണ സംഘടനയ്ക്ക് അയച്ചുകൊടുത്തു.

പ്ലാനിംഗ് വിഭാഗം:

സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിനായി ഈ വകുപ്പ് ഏറ്റെടുത്തു നടത്താൻ ഉദ്ദേശിക്കുന്ന പദ്ധതികൾ തയ്യാറാക്കി ഗവൺമെൻറിൽ സമർപ്പിക്കുകയും പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി അവലോകനം ചെയ്ത് പ്രതിമാസ, ത്രൈമാസിക, അർദ്ധവാർഷിക റിപ്പോർട്ടുകൾ തയ്യാറാക്കി സംസ്ഥാന ഗവൺമെൻറിനും കേന്ദ്രഗവൺമെൻറിനും അയയ്ക്കുകയും ചെയ്യുക എന്നതാണ് ഈ വിഭാഗത്തിൻെറ പ്രധാന ജോലി.

1988–89-ലെ വാർഷികപദ്ധതി പ്രകാരമുള്ള സ്കീമുകൾ താഴെപ്പറയുന്നവയാണ്. ഓരോ സ്കീമിനും 1988-89-ലെ ബഡ്ജററിൽ വക കൊള്ളിച്ചിട്ടുള്ള തുക (രൂപ ലക്ഷത്തിൽ) ബ്രാക്കററിൽ കൊടുത്തിരിക്കുന്നു.

1. സ്ഥിതിവിവരക്കണക്ക് ശേഖരണം മെച്ചപ്പെടുത്തൽ (19.44) ഇതിൽ താഴെപ്പറയുന്ന സ്കീമുകൾ ഉൾപ്പെടുന്നു.

(എ) മെക്കാനിക്കൽ ടാബുലേഷൻ യൂണിററ്
(ബി) സർവേ ഡിസൈൻ വിഭാഗം
(സി) സംസ്ഥാന വരുമാന നിർണ്ണയ വിഭാഗത്തിൻെറ വിപുലീകരണം.
(ഡി) ജില്ലാ സ്ഥിതിവിവരക്കണക്ക് ഓഫീസുകളുടെ പുനരേകീകരണം
(ഇ) വകുപ്പിലെ ജീവനക്കാർക്ക് തൊഴിൽ പരിശീലനം നൽകുക

2. സർവേകളും പഠനങ്ങളും (7.56)

3. സംസ്ഥാനത്തെ കാർഷിക സ്ഥിതിവിവരക്കണക്കുകൾ വർഷംതോറും ശേഖരിച്ച് റിപ്പോർട്ട് ചെയ്യുന്നതിനുള്ള പദ്ധതി—50% കേന്ദ്രസഹായം (159.72)

4. കാർഷിക സെൻസസ്—100% കേന്ദ്രസഹായം (6.05)

5. നിലവിലുള്ള കൃഷിസമ്പ്രദായങ്ങളിൽ പുതിയ സാങ്കേതികവിദ്യ പ്രയോഗിക്കുന്നതിനുള്ള തടസ്സങ്ങളെപ്പററിയുള്ള പഠനം—50% കേന്ദ്ര സഹായം (1.42)

6. ചെറുകിട ജലസേചനസ്ഥിതിവിവരക്കണക്കുകൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി—100% കേന്ദ്രസഹായം (2.56) പൊതുമരാമത്തുവകുപ്പിലെ ചെറുകിട ജലസേചന വകുപ്പിൻെറ കീഴിലാണ് ഇതിൻെറ പ്രവർത്തനത്തിനായി അനുവദിച്ചിട്ടുള്ള യൂണിററ് പ്രവർത്തിക്കുന്നത്.

ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥൻമാർക്ക് സാങ്കേതിക പരിശീലനത്തിന് തെരഞ്ഞെടുക്കുന്ന ജോലിയും ഈ വിഭാഗമാണ് ചെയ്യുന്നത്. നടപ്പുവർഷം 10 ഉദ്യോഗസ്ഥൻമാർക്ക് ഇൻസ്ററിററ്യൂട്ട് ഓഫ് മാനേജ്മെൻറ് ഇൻ ഗവൺമെൻറിൽ പരിശീലനം നൽകുകയുണ്ടായി.

വിവിധ സർവേകളുടെ നടത്തിപ്പിനെക്കുറിച്ച് ചർച്ച ചെയ്യാനായി ജില്ലാതല ഓഫീസർമാരുടെ അഞ്ച് കോൺഫറൻസുകൾ പരാമർശകാലയളവിൽ നടക്കുകയുണ്ടായി.

പബ്ലിക്കേഷൻ ഡിവിഷൻ:

ഈ വകുപ്പിൽ നടത്തുന്ന സർവേകളുടെയും പഠനങ്ങളുടെയും റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്ന ജോലി പബ്ലിക്കേഷൻ ഡിവിഷന്റേതാണ്. ഈ വിഭാഗത്തിൻകീഴിൽ ഒരു ലൈബ്രറിയും പ്രവർത്തിക്കുന്നുണ്ട്. സ്ഥിതിവിവരക്കണക്കുകൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുക ഈ വിഭാഗത്തിന്റെ ചുമതലകളിലൊന്നാണ്. സർവേകൾക്കുവേണ്ട ഫോറങ്ങളും മററും ജില്ലകളിലെത്തിക്കുകയും പൂരിപ്പിച്ച ഫാറങ്ങൾ ഹെഡ്ഡാഫീസിലെത്തിക്കുകയും ചെയ്യുന്നതാണ് മറെറാരു ജോലി. അച്ചടി ജോലി വേഗത്തിലാക്കുവാനായി ഒരു റോട്ടാ പ്രസ്സും പ്രവർത്തിക്കുന്നുണ്ട്.

1988-89-ൽ പ്രസിദ്ധീകരിച്ച റിപ്പോർട്ടുകൾ താഴെപ്പറയുന്നവയാണ്.

1. പ്രൈവററ് മെഡിക്കൽ ഇൻസ്ററിററ്യൂഷൻസ് ഇൻ കേരള
2. മെഡിക്കൽ സർട്ടിഫിക്കേഷൻ ഓഫ് കാസ് ഓഫ് ഡത്ത് 1985
3. ഡിസ്ട്രിക്ട് ഇൻകം ആൻറ് റിലേററഡ് അഗ്രിഗേററ്സ് ഓഫ് കേരള 1970-71 ററു 1984-85.
4. നാഷണൽ സാമ്പിൾ സർവേ 32 റൗണ്ട്
5. അഗ്രിക്കൾച്ചറൽ സെൻസസ് 1980-81 വാല്യം 1, 2
6. ആനുവൽ റെസിഡൻഷ്യൽ വൈററൽ റേററ്സ് 1985
7. സർവേ ഓൺ അൺ എംപ്ലോയ്മെൻറ് ഇൻ കേരള 1987
8. കോസ്ററ് ഓഫ് കൾട്ടിവേഷൻ ഓഫ് ഇംപോർട്ടൻറ് ക്രോപ്സ് 1985-86.
9. അഗ്രിക്കൾച്ചറൽ സെൻസസ് 1980-81 വാല്യം 2, എ., ബി.
10. അഗ്രിക്കൾച്ചറൽ സ്ററാററിസ്ററിക്സ് 1987
11. ആനുവൽ സർവേ ഓഫ് ഇൻഡസ്ട്രീസ് 1982-83.
12. വേജ് സ്ട്രക്ചർ സർവേ 1982-83
13. കൺസോളിഡേററഡ് റിസൽട്ട്സ് ഓഫ് ക്രോപ്പ് എസ്ററിമേഷൻ സർവേസ് 1984-85 ആൻറ് 1985-86.
14. സാമ്പിൾ രജിസ്ട്രേഷൻ കേരള—റൂറൽ ആനുവൽ റിപ്പോർട്ട് 1986 നമ്പർ 23.
15. ഗ്രോത്ത് ഓഫ് ഫാക്ടറി എംപ്ലോയ്മെൻറ് ഇൻ കേരള 1971-84.
16. എക്കണോമിക് സെൻസസ് 1980
17. റിപ്പോർട്ട് ഓൺ ക്രോപ് കട്ടിംഗ് സർവേ ഓഫ് പാഡി 1983-84
18. ക്രോപ്പ് കട്ടിംഗ് സർവേ ഓഫ് പാഡി 1982-83
19. ആൻ എക്കണോമിക് ക്ലാസിഫിക്കേഷൻ ഓഫ് ദി ബഡ്ജററ് ഓഫ് മുനിസിപ്പാലിററീസ് ആൻറ് കോർപ്പറേഷൻസ് ഇൻ കേരള 1980-81 ആൻറ് 1981-82.
20. വൈററൽ സ്ററാററിസ്ററിക്സ് ബുള്ളററിൻ നമ്പർ 47.
21. സ്ററഡി ഓൺ എംപ്ലോയ്മെൻറ് ആൻറ് ഇൻവെസ്ററ്മെൻറ്സ് ഇൻ രജിസ്റേറർഡ് സ്മാൾ സ്കെയിൽ ഇൻഡസ്ട്രിയൽ യൂണിററ്സ് ഇൻ കേരള
22. ക്രോപ്പ് കട്ടിംഗ് സർവേ ഓൺ വിൻറർ ആൻറ് സമ്മർ ക്രോപ്സ് ഓഫ് പാഡി 1986-87.
23. ആനുവൽ റിപ്പോർട്ട് ഓഫ് സാമ്പിൾ രജിസ്ട്രേഷൻ, കേരള റൂറൽ 1986 നമ്പർ 24.

24. സാമ്പിൾ സർവേ ഓൺ അഗ്രിക്കൾച്ചറൽ സ്റ്റാറ്റിസ്റ്റിക്സ് 1985-86.

25. സാമ്പിൾ സർവേ ഓഫ് സ്മാൾ സ്കെയിൽ ഇൻഡസ്ട്രിയൽ യൂണിറ്റ്സ് ഇൻ കേരള 1988.

26. ഫാക്റ്റ് ബുക്ക് ഓൺ മാൻപവർ 1988 നമ്പർ 61.

27. സ്റ്റഡി ഓൺ ദി പോസ്റ്റ് ഐ.റ്റി.ഐ. ട്രെയിനീസ് ഓൺ റ്റി. വി. ടെക്നീഷ്യൻ കോഴ്സ് നമ്പർ 63.

28. ആനുവൽ സർവേ ഓഫ് ഇൻഡസ്ട്രീസ് 1980-81 ആൻറ് 1981-82.

29. മെഡിക്കൽ സർട്ടിഫിക്കേഷൻ ഓഫ് കാസ് ഓഫ് ഡത്ത് 1986.

30. ബ്രോഷർ ഓൺ ഹൗസിംഗ് സ്റ്റാറ്റിസ്റ്റിക്സ് 1987.

31. ബേസിക് സ്റ്റാറ്റിസ്റ്റിക്സ് 1987 (ഫോൾഡർ) എല്ലാ ജില്ലകൾക്കും.

32. സ്റ്റാറ്റിസ്റ്റിക്സ് ഫോർ പ്ലാനിംഗ് 1988.

33. ഹോൾസെയിൽ പ്രൈസ് ഇൻഡക്സ് നമ്പർ ഓഫ് മാനുഫാക്ചേഡ് കമ്മോഡിറ്റീസ് ഓഫ് കേരള 1970-71 മുതൽ 1987-88 വരെ.

34. സെലക്റ്റഡ് ഇൻഡിക്കേറ്റേഴ്സ് ഓഫ് ഡെവലപ്പ്മെൻറ് ഇൻ കേരള ആൻറ് ഇന്ത്യ 1961-86.

റിപ്പോർട്ട് വർഷത്തിൽ ഏപ്രിൽ മുതൽ മാർച്ചുവരെ വിവിധ പദ്ധതികൾക്കായി 315.36 ലക്ഷം രൂപ ചെലവായി. അതിൻെറ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | നോൺ പ്ലാൻ 1988-89 | തുക ലക്ഷത്തിൽ |
|---|---|---|
| 1. | എക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് ബ്യൂറോ | 53.79 |
| 2. | സംസ്ഥാനവരുമാന സ്ഥിതിവിവരക്കണക്ക് വിഭാഗം. | 2.81 |
| 3. | ദേശീയ സാമ്പിൾ സർവേ | 11.72 |
| 4. | വിലയിരുത്തൽ ഘടകം | 3.19 |
| 5. | വ്യവസായസ്ഥിതി വിവരക്കണക്കുകൾ | 1.01 |
| 6. | മണ്ണുസംരക്ഷണം വിലയിരുത്തൽ | 1.61 |
| 7. | മുനിസിപ്പാലിറ്റികളിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം ശക്തിപ്പെടുത്തൽ | 11.01 |
| 8. | ഹൗസിംഗ് സ്റ്റാറ്റിസ്റ്റിക്സ് സെൽ | 1.06 |
| 9. | മാനവശക്തി വിഭാഗം | 29.57 |
| | **പ്ലാൻ 1988-89** | |
| 10. | അതാതുകാലത്തെ കാർഷിക സ്ഥിതി വിവരകണക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള സർവേ | 165.87 |
| 11. | പുതിയ സാങ്കേതിക വിദ്യ പ്രയോഗിക്കുന്നതിനുള്ള തടസ്സങ്ങളെപ്പററിയുള്ള പഠനം | 1.40 |
| 12. | സർവേകളും പഠനങ്ങളും | 7.71 |
| 13. | സ്ഥിതിവിവരക്കണക്ക് ശേഖരണ സമ്പ്രദായം മെച്ചപ്പെടുത്തൽ | 14.59 |
| 14. | കാർഷിക കാനേഷുമാരി | 9.20 |
| 15. | ചെറുകിട ജലസേചന പദ്ധതി | 0.82 |
| | ആകെ (നോൺ പ്ലാൻ + പ്ലാൻ) | 315.36 |

523